പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 305

# 2010-ലെ കേരള ഉൾനാടൻ ഫിഷറി ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2010

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 305

# 2010-ലെ കേരള ഉൾനാടൻ ഫിഷറി ബിൽ

# 2010-ലെ കേരള ഉൾനാടൻ ഫിഷറി ബിൽ

കേരള സംസ്ഥാനത്തെ ഉൾനാടൻ ഫിഷറികൾ സംബന്ധിച്ച നിയമങ്ങൾ ക്രോഡീകരിക്കുന്നതിനും ഭേദഗതി ചെയ്യുന്നതിനും സംസ്ഥാനത്തെ ഉൾനാടൻ മത്സ്യത്തിന്റെയും ഫിഷറികളുടെയും വികസനം, മാനേജ്മെന്റ്, സംരക്ഷണം, പ്രജനനം, പരിരക്ഷ, ചൂഷണം, ഉപയോഗപ്പെടുത്തൽ എന്നിവയ്ക്കും സാമൂഹിക ഫിഷറികൾ അഭിവൃദ്ധിപ്പെടുത്തുന്നതിനും അക്വാകൾച്ചർ പ്രദേശങ്ങളിലുള്ള ഫിഷറി സംബന്ധിച്ച പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതിനും നിയന്ത്രിക്കുന്നതിനും അവയുമായി ബന്ധപ്പെട്ടതോ അവക്ക് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്ക് വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—കേരള സംസ്ഥാനത്ത് ഉൾനാടൻ ഫിഷറികൾ സംബന്ധിച്ച നിയമങ്ങൾ ക്രോഡീകരിക്കേണ്ടതും ഭേദഗതി ചെയ്യേണ്ടതും സംസ്ഥാനത്തെ ഉൾനാടൻ മത്സ്യത്തിന്റെയും ഫിഷറികളുടെയും വികസനം, മാനേജ്മെന്റ്, സംരക്ഷണം, പ്രജനനം, പരിരക്ഷ, ചൂഷണം, ഉപയോഗപ്പെടുത്തൽ എന്നിവയ്ക്കും സാമൂഹിക ഫിഷറികൾ അഭിവൃദ്ധിപ്പെടുത്തുന്നതിനും അക്വാകൾച്ചർ പ്രദേശങ്ങളിലുള്ള ഫിഷറി സംബന്ധിച്ച പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതിനും നിയന്ത്രിക്കുന്നതിനും അവയുമായി ബന്ധപ്പെട്ടതോ അവയ്ക്ക് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്ക് വ്യവസ്ഥ ചെയ്യേണ്ടത് യുക്തമായിരിക്കയാൽ ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ അറുപത്തിയൊന്നാം സംവൽസരത്തിൽ താഴെപറയും പ്രകാരം നിയമമുണ്ടാക്കുന്നു :—

## അദ്ധ്യായം 1

## പ്രാരംഭം

1. ചുരുക്കപ്പേരും, വ്യാപ്തിയും, പ്രാരംഭവും.—(1) ഈ ആക്റ്റിന് 2010-ലെ കേരള ഉൾനാടൻ ഫിഷറി ആക്റ്റ് എന്ന് പേര് പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഇത് ഉടൻതന്നെ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റ് വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) 'അപ്പലേറ്റ് അധികാരസ്ഥൻ' എന്നാൽ ഫിഷറീസ് ഡയറക്ടർ എന്നർത്ഥമാകുന്നു ;

(ബി) 'അക്വാകൾച്ചർ' എന്നാൽ ഏതെങ്കിലും സ്വകാര്യമോ പൊതുവോ ആയ ജലാശയത്തിലോ മറ്റേതെങ്കിലും ജലമുള്ള പരിസ്ഥിതിയിലോ സ്വാഭാവികമോ കൃത്രിമമോ ആയി ഏതെങ്കിലും ജീവനുള്ള ജലജീവികളെയോ സസ്യങ്ങളെയോ ശേഖരിച്ച് അവയുടെ ജീവിതചക്രത്തിന്റെ ഏതൊരു ഘട്ടത്തിലും വളർത്തുക എന്നർത്ഥമാകുന്നു ;

(സി) 'അക്വാകൾച്ചർ പ്രദേശം' എന്നാൽ 4-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ട ഒരു അക്വാകൾച്ചർ പ്രദേശം എന്നർത്ഥമാകുന്നു ;

(ഡി) 'അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ' എന്നാൽ ഈ പ്രയോഗം വരുന്ന ഈ ആക്റ്റിലെ വ്യവസ്ഥകളിൽ പരാമർശിച്ചിട്ടുള്ള കാര്യത്തെ സംബന്ധിച്ച് ഗസറ്റ് വിജ്ഞാപനം മുഖേന സർക്കാർ അധികാരപ്പെടുത്തിയേക്കാവുന്ന ഫിഷറീസ് വകുപ്പിലെ ഏതെങ്കിലും ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു ;

(ഇ) 'ഫിൽട്രേഷൻ' എന്നാൽ സ്വഭാവിക സ്രോതസ്സുകളായ കടൽ, കായൽ, നദി എന്നിവയിലുള്ള സ്വാഭാവിക മത്സ്യശേഖരത്തെ അതിന്റെ ജീവിതക്രമത്തിന്റെ ഏതെങ്കിലും ഘട്ടത്തിൽ, സ്വാഭാവികമോ കൃത്രിമമോ ആയ കെണിയിൽപ്പെടുത്തി പിടിക്കുന്നതിനുള്ള ഒരു രീതി എന്നർത്ഥമാകുന്നു ;

(എഫ്) 'മത്സ്യത്തൊഴിലാളി' എന്നാൽ ഉപജീവനത്തിനായി പ്രധാനമായും മത്സ്യബന്ധന പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന ഏതെങ്കിലും ആൾ എന്നർത്ഥമാകുന്നു ;

(ജി) 'മത്സ്യകൃഷിക്കാരൻ' എന്നാൽ ജീവനുള്ള എല്ലാ ജലജീവികളുടേയോ ജലസസ്യങ്ങളുടേയോ ജീവിതചക്രത്തിലെ ഏത് ഘട്ടത്തിലും സാമ്പത്തികനേട്ടം ഉണ്ടാകത്തക്കവിധത്തിലുള്ള കൃഷി ചെയ്യുന്ന ആൾ എന്നർത്ഥമാകുന്നു ;

(എച്ച്) 'മത്സ്യബന്ധന ഉരു' എന്നതിന് മത്സ്യബന്ധനത്തിനോ മത്സ്യകൃഷിക്കോ വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ള ഏതെങ്കിലും വള്ളമോ ബോട്ടോ എന്നർത്ഥമാകുന്നതും അതിൽ ഒരു ഉരുവോ നാടൻ വള്ളമോ തോണിയോ അല്ലെങ്കിൽ മത്സ്യബന്ധനത്തിനോ മത്സ്യകൃഷിക്കോ വേണ്ടിയുള്ള പ്രവർത്തനങ്ങൾക്കായി ജലത്തിൽ സഞ്ചരിക്കുന്നതിനുള്ള മറ്റേതെങ്കിലും സംവിധാനമോ ഉൾപ്പെടുന്നതും ആകുന്നു ;

(ഐ) 'മത്സ്യം' എന്നതിൽ ഷെൽ മത്സ്യമുൾപ്പെടെ ജീവനുള്ള എല്ലാ ജലസസ്യങ്ങളും ജലജീവികളും അവയുടെ ജീവിതചക്രത്തിലെ ഏത് ഘട്ടത്തിലുള്ളതായാലും ശരി, ഉൾപ്പെടുന്നതാകുന്നു ;

(ജെ) 'മത്സ്യബന്ധനപ്രവർത്തനം' എന്നതിന് യന്ത്രം ഉപയോഗിച്ചോ അല്ലാതെയോ ഏതെങ്കിലും രീതിയിൽ മത്സ്യം പിടിക്കുക എന്നർത്ഥമാകുന്നതും അതിൽ

ഷെൽ മത്സ്യം, ശംഖുകൾ എന്നിവയുടെ സംഭരണവും ഏതെങ്കിലും തരത്തിലുള്ള ഊറ്റലും വളർത്തലും ഉൾപ്പെടുന്നതും ആകുന്നു ;

(കെ) 'ഫിഷറി' എന്നതിന് മത്സ്യത്തിന്റേയും മത്സ്യ ഉൽപ്പന്നങ്ങളുടേയും സംരക്ഷണം, വികസനം, പ്രജനനം, പരിരക്ഷ, ചൂഷണം എന്നിവയുമായി ബന്ധപ്പെട്ട ഏതൊരു പ്രവർത്തനമോ ജോലിയോ എന്നർത്ഥമാകുന്നു ;

(എൽ) 'മത്സ്യവിളവെടുപ്പ്' എന്നാൽ അക്വാകൾച്ചർ പ്രദേശത്തുനിന്ന് ഏതെങ്കിലും രീതിയിൽ മത്സ്യത്തെ നീക്കം ചെയ്യുക എന്നർത്ഥമാകുന്നു ;

(എം) 'മത്സ്യസങ്കേതം' എന്നാൽ ഈ ആക്റ്റിലെ 26-ാം വകുപ്പുപ്രകാരം മത്സ്യ സങ്കേതമായി വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള ഏതെങ്കിലും പ്രദേശം എന്നർത്ഥമാകുന്നു ;

(എൻ) 'മത്സ്യവിത്ത്' എന്നാൽ ജീവിതചക്രത്തിലെ ഏതൊരു രൂപത്തിലേയും ബാല്യദശയിലുള്ള മത്സ്യം എന്നർത്ഥമാകുന്നു ;

(ഒ) 'ഉറപ്പിച്ച ഗിയർ' എന്നാൽ മത്സ്യം പിടിക്കുന്നതിനായി മണ്ണിൽ ഉറപ്പിച്ചിട്ടു ള്ളതോ മറ്റേതെങ്കിലും രീതിയിൽ ചലിക്കാത്തവിധം കരയിലോ വെള്ളത്തിലോ വച്ചിട്ടു ള്ളതോ ആയ ഏതെങ്കിലും വലയോ കൂടോ മത്സ്യബന്ധനവേലിയോ നങ്കൂരമോ ട്രേയോ മറ്റേതെങ്കിലും ഉപായമോ എന്നർത്ഥമാകുന്നു ;

(പി) 'സ്വതന്ത്രവല' എന്നാൽ ഉറപ്പിച്ച ഒരു ഗിയർ ഒഴികെ മത്സ്യബന്ധനത്തി നുപയോഗിക്കുന്ന ഏതെങ്കിലും വല, കൂട്, കൊളുത്ത്, ചൂണ്ട അല്ലെങ്കിൽ മറ്റ് ഉപായം എന്നർത്ഥമാകുന്നു ;

(ക്യൂ) 'ഉൾനാടൻ ഫിഷറി' എന്നാൽ ശുദ്ധജലമത്സ്യമോ, ഓരുജല മത്സ്യമോ അല്ലെങ്കിൽ ഫിഷറി സംബന്ധമായ മൂല്യമുള്ള മറ്റ് ശുദ്ധജല-ഓരുജല-അലങ്കാര-ശീത ജല-അഴിമുഖ വിഭവങ്ങളുമായോ ബന്ധപ്പെട്ടതും പൊതുവോ സ്വകാര്യമോ ആയ ജലാശയത്തിൽ നടത്തുന്നതുമായ ഏതെങ്കിലും ഫിഷറി എന്നർത്ഥമാകുന്നു ;

(ആർ) 'ഉൾനാടൻ ജലാശയം' എന്നാൽ സംസ്ഥാനത്തിനകത്ത് ഫിഷറി സംബന്ധിച്ച ഏതെങ്കിലും പ്രവർത്തനത്തിന് ഉപയോഗിക്കുന്നതോ ഉപയോഗിക്കാവു ന്നതോ ആയ സ്വകാര്യമോ പൊതുവോ ആയ ഏതെങ്കിലും ജലാശയമോ നികത്തി എടുക്കാവുന്ന പ്രദേശമോ എന്നർത്ഥമാകുന്നു ;

(എസ്) 'തദ്ദേശസ്വയംഭരണ സ്ഥാപനം' എന്നാൽ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് (1994-ലെ 13) 4-ാം വകുപ്പുപ്രകാരം രൂപീകരിച്ച ഒരു പഞ്ചായത്ത് അല്ലെ ങ്കിൽ 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് (1994-ലെ 20) 4-ാം വകുപ്പുപ്രകാരം രൂപീകരിച്ച ഒരു മുനിസിപ്പാലിറ്റി എന്നർത്ഥമാകുന്നു ;

(റ്റി) 'ആൾ' എന്നതിൽ ഒരു കമ്പനിയോ ഫേമോ സ്ഥാപനമോ സഹകരണ സംഘമോ വ്യക്തികളുടെ ഏതെങ്കിലും നികായമോ ഉൾപ്പെടുന്നതാണ് ;

(യു) 'നിർണ്ണയിക്കപ്പെട്ട' എന്നാൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങൾ പ്രകാരം നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു ;

(വി) 'സ്വകാര്യജലാശായം' എന്നാൽ ഏതെങ്കിലും ആളിന്റെയോ ആളുകളുടേയോ മാത്രമായ സ്വത്തായിട്ടുള്ളതും അതിൽ ഉടമസ്ഥൻ എന്ന നിലയിലോ പാട്ടക്കാരൻ എന്ന നിലയിലോ മറ്റേതെങ്കിലും നിലയിലോ ആ ആളിനോ ആളുകൾക്കോ മറ്റാർക്കെങ്കിലുമോ മാത്രമായി തത്സമയം ഫിഷറി സംബന്ധിച്ച പരിപൂർണ്ണ അവകാശം ഉള്ളതുമായ ഏതെങ്കിലും ജലാശയമോ നികത്തി എടുക്കാവുന്ന പ്രദേശമോ എന്നർത്ഥമാകുന്നു ;

(ഡബ്ല്യൂ) 'പൊതു ജലാശയം' എന്നതിന് സർക്കാരിന്റേയോ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് 218-ാം വകുപ്പുപ്രകാരമോ 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് 208(എ) വകുപ്പുപ്രകാരമോ ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിക്ഷിപ്തമായതോ, ബോർഡുകളുടേയോ മറ്റേതെങ്കിലും സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങളുടേയോ സംഘടനകളുടേയോ ഉടമസ്ഥതയിലുള്ള അഴിമുഖങ്ങളോ കായലുകളോ നദികളോ തടാകങ്ങളോ കുളങ്ങളോ ടാങ്കുകളോ ജലസേചനത്തിനുള്ള കനാലുകൾ ഉൾപ്പെടെയുള്ള കനാലുകളോ, ജലസംഭരണികളോ നിരൊഴുക്കുകളോ ഉൾപ്പെടെയുള്ള ഏതെങ്കിലും ജലാശയമോ നികത്തി എടുക്കാവുന്ന പ്രദേശമോ എന്നർത്ഥമാകുന്നതും അതിൽ സംസ്ഥാനത്തിന്റെ പ്രാദേശിക ജലാതിർത്തിപ്രദേശം ഉൾപ്പെടുന്നതുമാകുന്നു ;

(എക്സ്) 'നികത്തിയെടുക്കാവുന്ന പ്രദേശം' എന്നാൽ നികത്തി എടുക്കലോ പുതുക്കലോ നിർമ്മാണമോ വഴി ഒരു പൊതുവോ സ്വകാര്യമോ ആയ ജലാശയമായി വികസിപ്പിക്കാവുന്നതോ മാറ്റാവുന്നതോ ആയ ഏതെങ്കിലും സ്ഥലമോ ചതുപ്പുനിലമോ എന്നർത്ഥമാകുന്നു ;

(വൈ) 'സംസ്ഥാനം' എന്നാൽ കേരള സംസ്ഥാനം എന്നർത്ഥമാകുന്നതും അതിൽ സംസ്ഥാനത്തിന്റെ മുഴുവൻ തീരപ്രദേശത്തോടും ചേർന്നുള്ള പ്രാദേശിക ജലാതിർത്തി പ്രദേശം ഉൾപ്പെടുന്നതുമാകുന്നു .

## അദ്ധ്യായം II
## വികസനം, പ്രജനനം, സംരക്ഷണം, മാനേജ്മെന്റ്

3. പൊതുജലാശയത്തിൽ ഉള്ള ഫിഷറി സംബന്ധിച്ച് പ്രവർത്തനമോ അനുബന്ധ പ്രവർത്തനമോ.—(1) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ളവ ഒഴികെയുള്ള പൊതുജലാശയങ്ങളിലെ ഫിഷറി സംബന്ധിച്ച പ്രവർത്തനത്തിന്റേയോ മറ്റേതെങ്കിലും അനുബന്ധപ്രവർത്തനത്തിന്റേയോ വികസനവും മാനേജ്മെന്റും സർക്കാരിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

(2) ഫിഷറി സംബന്ധിച്ച കാര്യങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ സാങ്കേതിക ഉപദേശം നൽകേണ്ടത് സംബന്ധിച്ച ചുമതല സർക്കാർ ഇതിലേക്കായി നിയോഗിക്കുന്ന ഫിഷറീസ് വകുപ്പിലെ ഉദ്യോഗസ്ഥന്മാരിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

(3) സർക്കാരിന്റെ രേഖാമൂലമായ അനുവാദം കൂടാതെ യാതൊരാളും ഏതെങ്കിലും പൊതു ജലാശയം നികത്തുകയോ മാറ്റുകയോ രൂപഭേദപ്പെടുത്തുകയോ ചെയ്യുവാൻ പാടുള്ളതല്ല.

4. അക്വാകൾച്ചർ പ്രദേശത്തെ ഫിഷറി.—(1) സർക്കാരിന് ഫിഷറി സംബന്ധിച്ച വികസനത്തിനോ ഫിഷറി മേഖലയുടെ പൊതുവായ താല്പര്യങ്ങൾക്കോ വേണ്ടി ഗസറ്റ് വിജ്ഞപാനംമൂലം ഏതെങ്കിലും പൊതുജലാശയത്തേയോ അനുയോജ്യമായ മറ്റ് പ്രദേശ ങ്ങേയോ ഫിഷറി സംബന്ധിച്ച പ്രവർത്തനങ്ങൾക്ക് മാത്രമായുള്ള അക്വാകൾച്ചർ പ്രദേശ മായി പ്രഖ്യാപിക്കാവുന്നതാണ് :

എന്നാൽ 2005-ലെ കോസ്റ്റൽ അക്വാകൾച്ചർ അതോറിറ്റി ആക്റ്റിൽ (2005-ലെ 24-ാം കേന്ദ്ര ആക്റ്റ്) നിർവ്വചിച്ചിരിക്കുന്ന തീരപ്രദേശത്തിൽ ഉൾപ്പെടുന്ന പ്രദേശങ്ങൾക്ക് (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ബാധകമാകുന്നതല്ല.

(2) സർക്കാരിന്, അക്വാകൾച്ചർ പ്രദേശങ്ങളിലുള്ള ഫിഷറി സംബന്ധിച്ച പ്രവർത്തനങ്ങളുടെ ഉപയോഗപ്പെടുത്തലിനും പരിമിതപ്പെടുത്തലിനും ക്രമീകരണത്തിനും നിയന്ത്രണത്തിനും (1)-ാം ഉപവകുപ്പിൽ പറഞ്ഞിരിക്കുന്നതല്ലാതെയുള്ള മറ്റേതെങ്കിലും ആവശ്യത്തിന് അങ്ങനെയുള്ള പ്രദേശങ്ങൾ ഉപയോഗപ്പെടുത്തുന്നതിൽനിന്ന് സംരക്ഷിക്കു ന്നതിനും വേണ്ടി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

5. മത്സ്യബന്ധന നിയന്ത്രണം.—(1) ഈ ആക്റ്റിലേയും അതിൻകീഴിൽ ഉണ്ടാ ക്കിയിട്ടുള്ള ചട്ടങ്ങളിലേയും വ്യവസ്ഥകൾക്ക് വിധേയമായി, സർക്കാരിന്, ഗസറ്റ് വിജ്ഞാ പനം വഴി, ഈ ആവശ്യത്തിലേക്ക് വിജ്ഞാപനം ചെയ്തിട്ടുള്ള ഏതെങ്കിലും പ്രദേശത്ത് ഏതെങ്കിലും തരം മത്സ്യം പിടിക്കുന്നതിന് ഒരു വർഷത്തേക്കോ അതിൽകുറഞ്ഞ കാലത്തേക്കോ പരിമിതപ്പെടുത്തുകയോ നിയന്ത്രിക്കുകയോ നിരോധിക്കുകയോ ചെയ്യാവുന്നതാണ്.

(2) അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ ഇതിനുശേഷം ഈ ആക്റ്റിലെ III-ാം അദ്ധ്യായത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ആവശ്യത്തിലേക്കായി അനുവദിച്ച ലൈസൻസിലെ വ്യവസ്ഥകൾക്കും നിബന്ധനകൾക്കും അനുസൃതമായിട്ടല്ലാതെ ഏതൊ രാളും (1)-ാം ഉപവകുപ്പുപ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ള ഏതെങ്കിലും പ്രദേശത്തു നിന്നും ഏതെങ്കിലും മത്സ്യത്തെയോ ഏതെങ്കിലും തരം മത്സ്യങ്ങളേയോ പിടിക്കാൻ പാടുള്ളതല്ല :

എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ജലാശയങ്ങ ളിലെ മത്സ്യബന്ധനത്തിന് ലൈസൻസ് നൽകുന്നതിനുള്ള അധികാരം അതതു തദ്ദേശ സ്വയംഭരണസ്ഥാപനത്തിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

6. തെരഞ്ഞെടുത്ത ജലാശയങ്ങളിലെ മത്സ്യസംരക്ഷണം.—(1) ഇതിനുശേഷം ഈ വകുപ്പിൽ സൂക്ഷിച്ചിരിക്കുന്ന ആവശ്യത്തിലേക്ക്, സർക്കാരിന്, ചട്ടങ്ങളുണ്ടാക്കാവു ന്നതും ഗസറ്റ് വിജ്ഞാപനംമൂലം അങ്ങനെയുള്ള ഏതെങ്കിലുമോ എല്ലാമോ ചട്ടങ്ങൾ പ്രസ്തുത വിജ്ഞാപനത്തിൽ പറഞ്ഞിട്ടുള്ള ഉൾനാടൻ ജലാശയങ്ങൾക്ക് ബാധകമാക്കാ വുന്നതുമാണ്.

(2) അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ ഈ ആവശ്യത്തിനുവേണ്ടി അനുവദിച്ചിട്ടുള്ള ലൈസൻസിനും അതിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾക്കും നിബന്ധ നകൾക്കും അനുസൃതമായിട്ടല്ലാതെ, ഏതെങ്കിലും പൊതുജലാശയത്തിൽ മത്സ്യബന്ധനം നടത്തുകയോ, മത്സ്യബന്ധന ഉരു ഉപയോഗിക്കുകയോ ചെയ്യുന്നത് സർക്കാരിന് നിരോധിക്കാവുന്നതാണ്.

(3) ചട്ടങ്ങൾകൊണ്ട് താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ സംഗതികളെ സ്ഥിരമായോ താൽക്കാലികമായോ പരിമിതപ്പെടുത്തുകയോ നിയന്ത്രിക്കുകയോ നിരോധിക്കുകയോ ചെയ്യാവുന്നതാണ്, അതായത്:—

(എ) ചിറകളുടെയോ, തടയുടെയോ കൃത്രിമ ശിലോച്ചയത്തിന്റെയോ കൂടുകളുടെയോ വേലികളുടെയോ നിർമ്മാണം ;

(ബി) മത്സ്യബന്ധനത്തിനോ പ്രത്യേകം പറഞ്ഞിട്ടുള്ള ഏതെങ്കിലും ഇനം മത്സ്യം പിടിക്കുന്നതിനോ ഉപയോഗിക്കുന്ന മത്സ്യബന്ധന ഉപകരണങ്ങളുടെ മാനങ്ങളും, തരവും, അങ്ങനെയുള്ള ഉപകരണങ്ങൾ ഉപയോഗിക്കേണ്ട രീതിയും ;

(സി) ഏറ്റവും കുറഞ്ഞത് ഏത് വലിപ്പത്തിലോ തൂക്കത്തിലോ ഉള്ള മത്സ്യത്തെയോ പ്രത്യേകം പറഞ്ഞിട്ടുള്ള തരം മത്സ്യത്തെയോ ആണ് പിടിക്കുകയോ ശേഖരിക്കുകയോ വിൽക്കുകയോ ചെയ്തുകൂടാത്തത് ;

(ഡി) മലിനീകരണംമൂലമോ തൊണ്ടഴുക്കൽമൂലമോ വ്യവസായശാലകളിൽനിന്നും ഗൃഹങ്ങളിൽനിന്നും പുറത്തുവരുന്ന ദ്രവരൂപത്തിലുള്ള മലിനവസ്തുക്കൾമൂലമോ കീടനാശിനികൾ തളിക്കുന്നതുമൂലമോ മത്സ്യത്തിനോ ഫിഷറിക്കോ നാശമോ ക്ഷയമോ വരുന്നത് ;

(ഇ) നത്തയ്ക്ക, കല്ലുമ്മേക്കായ, മുത്തുച്ചിപ്പി, ശംഖ് എന്നിവയുടെ ശേഖരണവും അവയുടെ ഇറച്ചിയോ, തോടോ അല്ലെങ്കിൽ ഇവ രണ്ടുമോ കടത്തിക്കൊണ്ടു പോകുന്നത് ;

(എഫ്) സ്വകാര്യ ജലാശയത്തിലെ മത്സ്യത്തിന്റെയും ചെമ്മീന്റെയും ഫിൽട്രേഷൻ ;

(ജി) ഏതെങ്കിലും ജലാശയങ്ങളിലേക്ക് ചീർപ്പോ വിടവുകളോ ആകർഷണ പ്രകാശമോ മറ്റേതെങ്കിലും ഉപായമോ ഉപയോഗിച്ച് മത്സ്യത്തെ ആകർഷിക്കുകയോ അവയുടെ കുടിയേറ്റത്തിന് ഇടയാക്കുകയോ ചെയ്യുന്നതും എന്തു മാർഗ്ഗേനയും മറ്റ് ഏത് ഉപായത്താലും മത്സ്യം പിടിക്കുകയോ രക്ഷപ്പെടുന്നത് തടയുകയോ ചെയ്യുന്നതും ;

(എച്ച്) ഏതെങ്കിലും മാർഗ്ഗേന ഏതെങ്കിലും ജലാശയത്തിന്റെ നിലവിലുള്ള പാരിസ്ഥിതിക അവസ്ഥയ്ക്ക് ഹാനി വരുത്തുന്നത്.

7. സ്ഫോടക വസ്തുക്കളോ നഞ്ചോ വൈദ്യുതിയോ ഉപയോഗിച്ചുള്ള മത്സ്യനശീകരണം.— യാതൊരാളും ഏതെങ്കിലും ജലാശയത്തിൽ മത്സ്യസമ്പത്ത് നശിപ്പിക്കുന്നവിധം സ്ഫോടക വസ്തുവോ നഞ്ചോ ഉപയോഗിക്കുകയോ വൈദ്യുതി പ്രവാഹം കടത്തിവിടുകയോ ചെയ്യാൻ പാടുള്ളതല്ല:

എന്നാൽ അക്വാകൾച്ചർ പ്രവർത്തനങ്ങളുടെ ഭാഗമായി മത്സ്യവിത്തുകൾ ശേഖരിക്കുന്നതിനുള്ള ഫാമുകൾ തയ്യാറാക്കുമ്പോഴുള്ള നഞ്ചിന്റെ ഉപയോഗത്തിന് ഈ വകുപ്പ് ബാധകമാകുന്നതല്ല.

അദ്ധ്യായം III

## രജിസ്ട്രേഷനും ലൈസൻസും നൽകലും

8. മത്സ്യബന്ധന ഉരുവോ സ്വതന്ത്രവലയോ ഉറപ്പിച്ച യന്ത്രമോ രജിസ്ട്രേഷൻ കൂടാതെ ഉപയോഗിക്കൽ.—(1) ഈ ആക്റ്റിലേയും അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളിലേയും വ്യവസ്ഥകൾക്ക് വിധേയമായി ലഭിച്ച രജിസ്ട്രേഷൻ സർട്ടിഫിക്കറ്റില്ലാതെ യാതൊരാളും ഏതെങ്കിലും മത്സ്യബന്ധന ഉരുവോ സ്വതന്ത്രവലയോ ഉറപ്പിച്ച യന്ത്രമോ മത്സ്യബന്ധനപ്രവർത്തനങ്ങളുടെ ആവശ്യത്തിന് ഉപയോഗിക്കുകയോ ഉപയോഗിക്കാൻ ഇടയാക്കുകയോ അനുവദിക്കുകയോ ചെയ്യാൻ പാടുള്ളതല്ല.

(2) ഈ ആക്റ്റിലേയും അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളിലേയും വ്യവസ്ഥകൾക്ക് വിധേയമായി ലഭിച്ച രജിസ്ട്രേഷൻ സർട്ടിഫിക്കറ്റില്ലാതെ യാതൊരാളും ഉൾനാടൻ ജലാശയങ്ങളിൽ അക്വകൾച്ചറിലോ ഫിൽട്രേഷനിലോ ഏർപ്പെടാൻ പാടുള്ളതല്ല.

9. മത്സ്യബന്ധന ഉരു, ഉറപ്പിച്ച യന്ത്രം, സ്വതന്ത്രവല, അക്വാകൾച്ചർ, ഫിൽട്രേഷൻ എന്നിവ രജിസ്റ്റർ ചെയ്യൽ.—(1) ഈ ആക്റ്റിലേയും അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളിലേയും വ്യവസ്ഥകൾക്ക് വിധേയമായി, ഒരു മത്സ്യബന്ധന ഉരുവിന്റെയോ ഉറപ്പിച്ച യന്ത്രത്തിന്റെയോ സ്വതന്ത്രവലയുടെയോ ഏതൊരു ഉടമയും, അക്വകൾച്ചറിലോ ഫിൽട്രേഷനിലോ ഏർപ്പെടാൻ ഉദ്ദേശിക്കുന്ന ഏതൊരു ആളും, മത്സ്യബന്ധന ഉരുവോ സ്വതന്ത്രവലയോ ഉറപ്പിച്ച യന്ത്രമോ ഉപയോഗിക്കേണ്ടതോ അക്വാകൾച്ചറിലോ ഫിൽട്രേഷനിലോ ഏർപ്പെടേണ്ടതോ ആയ സ്ഥലത്ത് അധികാരിതയുള്ള അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്, രജിസ്റ്റർ ചെയ്യുന്നതിനുവേണ്ടിയുള്ള അപേക്ഷ സമർപ്പിക്കേണ്ടതാണ്.

(2) രജിസ്റ്റർ ചെയ്യുന്നതിനുവേണ്ടിയുള്ള ഓരോ അപേക്ഷയും നിർണ്ണയിക്കപ്പെടാവുന്ന ഫോറത്തിലും അങ്ങനെയുള്ള ഫീസ് സഹിതവും അങ്ങനെയുള്ള വിവരങ്ങൾ ഉൾക്കൊള്ളുന്നതും ആയിരിക്കേണ്ടതാണ്.

(3) ഒരു മത്സ്യബന്ധന ഉരുവോ ഉറപ്പിച്ച യന്ത്രമോ സ്വതന്ത്രവലയോ രജിസ്റ്റർ ചെയ്യുന്നതിനുവേണ്ടിയുള്ള ഓരോ അപേക്ഷയും, ഒരാൾ ഉടമയായ തീയതി മുതൽ മൂന്ന് മാസം കഴിയുന്നതോ ഈ ആക്റ്റിന്റെ ആരംഭം മുതൽ ആറ് മാസം കഴിയുന്നതോ അതിൽ ഏതാണോ ഒടുവിൽ സംഭവിക്കുന്നത് അതിനുമുമ്പായി അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന് നൽകേണ്ടതാണ്:

എന്നാൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള സമയപരിധി, അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന് എഴുതി രേഖപ്പെടുത്തിയ മതിയായ കാരണങ്ങളാലും, ഈ ആവശ്യത്തിലേക്ക് നിർണ്ണയിക്കപ്പെടാവുന്ന അധിക ഫീസ് വസൂലാക്കിക്കൊണ്ടും തനിക്ക് യുക്തമെന്ന് തോന്നുന്ന മൂന്നുമാസത്തിൽ കവിയാത്ത കാലായളവിലേക്ക് നീട്ടിക്കൊടുക്കാവുന്നതാണ്.

(4) അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്, തനിക്ക് യുക്തമെന്ന് തോന്നുന്ന അന്വേഷണങ്ങൾ നടത്തിയശേഷം രജിസ്ട്രേഷൻ നൽകുകയോ നിരസിക്കുകയോ ചെയ്യാവുന്നതാണ്.

(5) അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്,—

(എ) അങ്ങനെ രജിസ്റ്റർ ചെയ്യുന്നത് പ്രാബല്യത്തിലിരിക്കുന്ന ഏതെങ്കിലും നിയമത്തിന് വിരുദ്ധമായിരിക്കുമെന്നോ, അല്ലെങ്കിൽ

(ബി) മത്സ്യബന്ധന ഉരുവോ ഉറപ്പിച്ച യന്ത്രമോ സ്വതന്ത്രവലയോ അക്വാകൾച്ചറോ ഫിൽട്രേഷനോ തകരാറുകൾ ഉള്ളതാണെന്നോ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്ത നിലവാരമോ ഗുണമേന്മയോ ഇല്ലാത്ത താണെന്നോ, അല്ലെങ്കിൽ

(സി) അങ്ങനെ രജിസ്റ്റർ ചെയ്യുന്നത് പൊതുതാൽപര്യത്തെ പ്രതികൂലമായി ബാധിക്കുമെന്നോ, അല്ലെങ്കിൽ

(ഡി) രജിസ്റ്റർ ചെയ്യുന്നതിന് നിർണ്ണയിക്കപ്പെട്ട വിവരങ്ങൾ അപേക്ഷകൻ നൽകിയിട്ടില്ലെന്നോ,

ബോദ്ധ്യപ്പെട്ടാൽ രജിസ്ട്രേഷൻ നിരസിക്കാവുന്നതാണ്:

എന്നാൽ രജിസ്ട്രേഷൻ നിരസിക്കാനുള്ള കാരണം അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ രേഖപ്പെടുത്തിയിരിക്കേണ്ടതാണ്.

(6) ഈ വകുപ്പുപ്രകാരം നൽകിയ ഒരു രജിസ്ട്രേഷൻ നിർണ്ണയിക്കപ്പെടാവുന്ന ഫോറത്തിലും അങ്ങനെയുള്ള വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായിരിക്കേണ്ടതും അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ വയ്ക്കേണ്ടതും നിർണ്ണയിക്കപ്പെട്ട മാതൃകയിലുള്ളതുമായ രജിസ്റ്ററിൽ അതിനെ സംബന്ധിച്ച വിവരങ്ങൾ ചേർക്കേണ്ടതുമാണ്.

(7) രജിസ്റ്റർ ചെയ്തതിന്റെ അടയാളമായി നിർണ്ണയിക്കപ്പെടാവുന്ന തിരിച്ചറിയൽ അടയാളം അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ നൽകേണ്ടതും അത് മത്സ്യബന്ധന ഉരുവിന്മേലോ ഉറപ്പിച്ച യന്ത്രത്തിലോ സ്വതന്ത്രവലയിലോ അല്ലെങ്കിൽ അക്വാകൾച്ചറോ ഫിൽട്രേഷനോ നടത്തുന്ന സ്ഥലത്തോ അതത് സംഗതിപോലെ, വ്യക്തമായി കാണാവുന്നിടത്ത് പ്രദർശിപ്പിക്കേണ്ടതുമാണ്.

(8) ഈ ആക്റ്റോ അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളോ പ്രകാരം ഒരിക്കൽ നൽകപ്പെട്ട രജിസ്ട്രേഷൻ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ സസ്പെന്റ് ചെയ്യുകയോ റദ്ദാക്കുകയോ ചെയ്യുന്നതുവരെ പ്രാബല്യത്തിൽ തുടരുന്നതാണ്.

10. റിട്ടേണുകൾ നൽകാനുള്ള ബാദ്ധ്യത.—(1) രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഉള്ള ഏതൊരാളും നിർണ്ണയിക്കപ്പെടാവുന്ന സമയത്തും നിർണ്ണയിക്കപ്പെടാവുന്ന രീതിയിലും നിർണ്ണയിക്കപ്പെടാവുന്ന റിട്ടേണുകൾ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന് നൽകേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം നൽകപ്പെട്ട ഏതെങ്കിലും റിട്ടേണിന്റെ കൃത്യത പരിശോധിക്കുന്നതിലേക്ക്, അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്, ഏതെങ്കിലും മത്സ്യബന്ധന ഉരുവോ ഉറപ്പിച്ച യന്ത്രമോ സ്വതന്ത്രവലയോ അക്വാകൾച്ചറോ ഫിൽട്രേഷനോ അതുമായി ബന്ധപ്പെട്ട ഏതെങ്കിലും കണക്ക് ബുക്കുകളോ മറ്റ് രേഖകളോ ഏത് സമയത്തും പരിശോധിക്കാവുന്നതാണ്.

11. ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യൽ.—(1) ഏതെങ്കിലും മത്സ്യബന്ധന ഉരുവോ ഉറപ്പിച്ച യന്ത്രമോ സ്വതന്ത്രവലയോ അക്വാകൾച്ചർ പ്രദേശമോ ഫിൽട്രേഷൻ പ്രദേശമോ കൈമാറ്റം ചെയ്യപ്പെടുന്ന സംഗതിയിൽ കൈമാറ്റം നടത്തിയ ആൾ, നിർണ്ണയിക്കപ്പെടാവുന്ന സമയത്തിനുള്ളിൽ, കൈമാറ്റം നടത്തിയ സ്ഥലത്ത് അധികാരിതയുള്ള അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന് കൈമാറ്റം സംബന്ധിച്ച് റിപ്പോർട്ട് ചെയ്യേണ്ടതും തത്സമയം തന്നെ കൈമാറ്റം വാങ്ങിയ ആളിന് പ്രസ്തുത റിപ്പോർട്ടിന്റെ ഒരു പകർപ്പ് അയയ്ക്കേണ്ടതുമാണ്.

(2) കൈമാറ്റം വാങ്ങിയ ആൾ, നിർണ്ണയിക്കപ്പെടാവുന്ന സമയത്തിനുള്ളിൽ, അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന് കൈമാറ്റം സംബന്ധിച്ച് റിപ്പോർട്ട് ചെയ്യേണ്ടതും റിപ്പോർട്ടിനോടൊപ്പം നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫീസോടുകൂടി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന് സമർപ്പിക്കേണ്ടതും ആയത് ലഭിച്ചു കഴിഞ്ഞാൽ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ ഉടമസ്ഥാവകാശം കൈമാറ്റം സംബന്ധിച്ച് വിവരങ്ങൾ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിലും തന്റെ ഓഫീസിൽ സൂക്ഷിച്ചിരിക്കുന്ന രജിസ്റ്ററിലും ചേർക്കേണ്ടതുമാണ്.

12. രജസ്ട്രേഷൻ സസ്പെന്റ് ചെയ്യാനോ റദ്ദാക്കാനോ ഉള്ള അധികാരം.—ഈ ആക്റ്റിലേയോ അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളിലേയോ ഏതെങ്കിലും വ്യവസ്ഥകൾക്ക് വിരുദ്ധമായി രജിസ്ട്രേഷൻ ഉപയോഗപ്പെടുത്തിയതായി വിശ്വസിക്കാൻ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന് മതിയായ കാരണമുണ്ടെങ്കിൽ, അദ്ദേഹത്തിന്, ഉത്തരവുമൂലം, തനിക്ക് ഉചിതമെന്ന് തോന്നുന്നപ്രകാരമുള്ള കാലയളവിലേക്ക് രജിസ്ട്രേഷൻ സസ്പെന്റ് ചെയ്യുകയോ റദ്ദാക്കുകയോ ചെയ്യാവുന്നതാണ്:

എന്നാൽ രജിസ്ട്രേഷൻ സസ്പെന്റ് ചെയ്തുകൊണ്ടോ റദ്ദാക്കിക്കൊണ്ടോ ഉള്ള ഒരു ഉത്തരവ് അത് ബാധിക്കുന്ന ആൾക്ക് പറയാനുള്ളത് പറയാൻ ഒരവസരം നൽകാതെ പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

13. രജിസ്ട്രേഷൻ നിരസിക്കുകയോ സസ്പെന്റ് ചെയ്യുകയോ റദ്ദാക്കുകയോ ചെയ്യുന്ന ഉത്തരവുകൾക്കെതിരെയുള്ള അപ്പീൽ.—(1) രജിസ്ട്രേഷൻ നിരസിച്ചുകൊണ്ടോ സസ്പെന്റ് ചെയ്തുകൊണ്ടോ റദ്ദാക്കിക്കൊണ്ടോ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ പുറപ്പെടവുവിച്ച ഉത്തരവിനെപ്പറ്റി പരാതിയുള്ള ഏതൊരാൾക്കും, ആ ഉത്തരവ് കൈപ്പറ്റിയ തീയതി മുതൽ മുപ്പത് ദിവസത്തിനകം, അപ്പലേറ്റ് അധികാരസ്ഥന് ഒരു അപ്പീൽ ബോധിപ്പിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം ഒരു അപ്പീൽ ലഭിക്കുമ്പോൾ അപ്പലേറ്റ് അധികാരസ്ഥൻ, തനിക്ക് യുക്തമെന്ന് തോന്നുന്ന അന്വേഷണം നടത്തുകയും അപ്പീൽ വാദിക്കും, ബന്ധപ്പെട്ട അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥനും പറയാനുള്ളത് പറയാൻ ന്യായമായ ഒരവസരം നൽകുകയും ചെയ്തതിനുശേഷം, അതിൻമേൽ യുക്തമെന്ന് തോന്നുന്ന ഉത്തരവ് പാസ്സാക്കേണ്ടതുമാണ്.

14. ലൈസൻസ് നൽകൽ.—(1) ഈ ആക്റ്റ് പ്രകാരമുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഇല്ലാത്ത യാതൊരാൾക്കും അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ അല്ലെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനം മൽസ്യബന്ധനത്തിനോ ഫിഷറി സംബന്ധിച്ച പ്രവർത്തനങ്ങൾക്കോ ലൈസൻസ് നൽകാൻ പാടുള്ളതല്ല.

(2) ലൈസൻസിനുവേണ്ടിയുള്ള ഓരോ അപേക്ഷയും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫോറത്തിലും അങ്ങനെയുള്ള വിവരങ്ങൾ ഉൾക്കൊള്ളുന്നതും ആയിരിക്കേണ്ടതും അപ്രകാരമുള്ള ഫീസ് സഹിതം നൽകേണ്ടതുമാണ്.

(3) ഏതെങ്കിലും ലൈസൻസ് നൽകാവുന്നത് ഏത് രീതിയിലും, ഏത് കാലയളവിലേക്കും, ഏതെല്ലാം നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായിട്ടുമാണ് എന്നത് നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കേണ്ടതാണ്.

(4) ലൈസൻസിൽ പ്രത്യേകം പറഞ്ഞിരിക്കുന്ന പ്രദേശത്തല്ലാതെ മറ്റേതെങ്കിലും പ്രദേശത്ത് ലൈസൻസുകാരൻ മത്സ്യബന്ധനമോ ഫിഷറി പ്രവർത്തനങ്ങളോ നടത്താൻ പാടുള്ളതല്ല.

(5) ഈ ആക്റ്റ് പ്രകാരം നൽകപ്പെട്ട യാതൊരു ലൈസൻസും കൈമാറ്റം ചെയ്യപ്പെടാവുന്നതല്ല.

(6) സർക്കാരിനോ സർക്കാർ ഇതിലേക്ക് അധികാരപ്പെടുത്തിയ ഏതെങ്കിലും ഉദ്യോഗസ്ഥനോ, ശാസ്ത്രീയ ഗവേഷണത്തിന്റെയോ മറ്റേതെങ്കിലും കാരണത്തിന്റെയോ താല്പര്യാർത്ഥം സർക്കാർ അംഗീകരിച്ച ഏതെങ്കിലും ആളേയോ ഏതെങ്കിലും സ്ഥാപനത്തെയോ ഈ ആക്റ്റ് പ്രകാരമുള്ള ലൈസൻസ് എടുക്കുന്നതിൽനിന്നും ഒഴിവാക്കാവുന്നതാണ്.

15. ലൈസൻസ് പുതുക്കൽ.—(1) ഈ ആക്റ്റ് പ്രകാരം നൽകപ്പെട്ട ഓരോ ലൈസൻസും, ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങൾക്ക് വിധേയമായി, നിർണ്ണയിക്കപ്പെടാവുന്ന ഫീസ് ഒടുക്കുമ്പോൾ അങ്ങനെയുള്ള വ്യവസ്ഥകൾക്ക് വിധേയമായി പുതുക്കാവുന്നതാണ്.

(2) കാലാവധി കഴിഞ്ഞ് ഒരു മാസത്തിനകം പുതുക്കാത്ത ഏതൊരു ലൈസൻസും നിർണ്ണയിക്കപ്പെടാവുന്ന അധിക ഫീസ് ഒടുക്കുന്ന പക്ഷം മാത്രം പുതുക്കി നൽകാവുന്നതാണ്.

16. ലൈസൻസുകാരന് ലൈസൻസ് ഹാജരാക്കാനുള്ള ബാദ്ധ്യത.—ഈ ആക്റ്റ് പ്രകാരം നൽകപ്പെട്ട ലൈസൻസുള്ള ഏതൊരാളും ഏതെങ്കിലും അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ ആവശ്യപ്പെടുന്നപക്ഷം അങ്ങനെയുള്ള ലൈസൻസ് ഏത് സമയത്തും പരിശോധനയ്ക്കായി ഹാജരാക്കാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ് :

എന്നാൽ ഒരു തദ്ദേശസ്വയംഭരണ സ്ഥാപനം നൽകിയിട്ടുള്ള ലൈസൻസിന്റെ കാര്യത്തിൽ ലൈസൻസ് ആവശ്യപ്പെടാനും പരിശോധിക്കുവാനുമുള്ള അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനത്തിനോ അത് ഇതിലേക്കായി അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ മാത്രം ആയിരിക്കുന്നതാണ്.

17. ലൈസൻസ് റദ്ദാക്കൽ അഥവാ സസ്പെന്റ് ചെയ്യൽ.—ഇതിലേക്കായി സർക്കാർ ഉണ്ടാക്കുന്ന ചട്ടങ്ങൾക്ക് വിധേയമായി, അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ,—

(എ) ഈ ആക്റ്റിലേയോ അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളിലേയോ ഏതെങ്കിലും വ്യവസ്ഥകൾക്കോ ലൈസൻസിന്റെ ഏതെങ്കിലും നിബന്ധനകൾക്കോ വ്യവസ്ഥകൾക്കോ വിരുദ്ധമായി ലൈസൻസുകാരൻ ലൈസൻസ് ഉപയോഗിച്ചിട്ടുള്ള പ്പോൾ; അല്ലെങ്കിൽ

(ബി) ലൈസൻസുകാരൻ ഈ ആക്റ്റിലേയോ അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളിലേയോ വ്യവസ്ഥകൾക്ക് എതിരായ ഒരു കുറ്റം ചെയ്തതായി സ്ഥാപിക്കപ്പെട്ടിട്ടു ള്ളപ്പോൾ; അല്ലെങ്കിൽ

(സി) ലൈസൻസുകാരൻ തെറ്റിദ്ധരിപ്പിച്ചോ, വസ്തുതകൾ മറച്ചുവച്ചുകൊണ്ടോ ഒരു ലൈസൻസ് നേടിയിട്ടുള്ളപക്ഷം,

അങ്ങനെയുള്ള ഏതൊരു ലൈസൻസും റദ്ദാക്കുകയോ സസ്പെന്റ് ചെയ്യുകയോ ചെയ്യാവുന്നതാണ്:

എന്നാൽ ഒരു തദ്ദേശസ്വയംഭരണ സ്ഥാപനം നൽകിയിട്ടുള്ള ലൈസൻസിന്റെ സംഗതിയിൽ, റദ്ദാക്കുവാനോ സസ്പെന്റ് ചെയ്യാനോ ഉള്ള അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനത്തിനോ അത് ഇതിലേക്കായി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ മാത്രമാ യിരിക്കുന്നതാണ്:

എന്നുമാത്രമല്ല, ലൈസൻസുകാരന് പറയാനുള്ളത് പറയാൻ ഒരു അവസരം നൽകാതെ ലൈസൻസ് റദ്ദാക്കുകയോ സസ്പെന്റ് ചെയ്യുകയോ ചെയ്തുകൊണ്ടുള്ള യാതൊരുത്തരവും പാസ്സാക്കാൻ പാടുള്ളതല്ല.

18. ഈ ആക്റ്റിന്റെ പ്രാരംഭത്തിനുമുമ്പ് മറ്റ് ഏജൻസികളാൽ നൽകപ്പെട്ട ലൈസൻസ് നിലവിലില്ലാതായിത്തീരുമെന്ന്.—44-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ളിടത്തോളം ഒഴികെ മത്സ്യബന്ധന പ്രവർത്തനങ്ങൾക്കോ ഫിഷറി സംബന്ധിച്ച പ്രവർത്തനങ്ങൾക്കോ വേണ്ടി ഈ ആക്റ്റിന്റെ പ്രാരംഭത്തിനു മുമ്പ് ഏതെങ്കിലും ആളോ ഏജൻസിയോ സംഘമോ നൽകിയ ഏതൊരു ലൈസൻസും ഈ ആക്റ്റ് പ്രാബല്യത്തിൽ വരുമ്പോൾ നിലവിലില്ലാതായിത്തീരുന്നതാണ്.

19. ലൈസൻസ് റദ്ദാക്കുന്നത് സംബന്ധിച്ച് കോടതിയുടെ കർത്തവ്യം.—ഈ ആക്റ്റ് പ്രകാരമുള്ള ഒരു ലൈസൻസുകാരന്റെ മേൽ അതിൻപ്രകാരമുള്ള ഏതെങ്കിലും കുറ്റം സ്ഥാപിക്കപ്പെടുമ്പോൾ കുറ്റസ്ഥാപനം നടത്തിയ കോടതി അതിന്റെ വിധിന്യാ യത്തിന്റെ ഒരു പകർപ്പ് ലൈസൻസിനോടൊപ്പം, അത് കോടതി മുൻപാകെയുണ്ടെങ്കിൽ, ഈ ആക്റ്റു പ്രകാരം ലൈസൻസ് റദ്ദാക്കാൻ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന് യുക്തമെന്ന് തോന്നുന്ന നടപടിക്കായി അയച്ചുകൊടുക്കാവുന്നതാണ്.

20. പൊതു ജലാശയത്തിൽ മത്സ്യബന്ധന ഉപകരണങ്ങളുടെ എണ്ണം പരിമി തപ്പെടുത്തുന്നതിനോ നിയന്ത്രിക്കുന്നതിനോ സർക്കാരിനുള്ള അധികാരം.—സർക്കാരിന്, ഗസറ്റ് വിജ്ഞാപനംമൂലം ഏതെങ്കിലും പൊതുജലാശയത്തിൽ ഉപയോഗത്തിലിരിക്കുന്ന

മത്സ്യബന്ധന ഉരുവിന്റെയും ഉറപ്പിച്ച യന്ത്രത്തിന്റെയും സ്വതന്ത്ര വലയുടെയും മറ്റേതെങ്കിലും ഉപകരണങ്ങളുടെയും എണ്ണവും വലിപ്പവും താൽക്കാലികമോ സ്ഥിരമോ ആയി പരിമിതപ്പെടുത്തുകയോ നിയന്ത്രിക്കുകയോ അല്ലെങ്കിൽ അവയെ നിരോധിക്കുകയോ ചെയ്യാവുന്നതാണ്.

21. അസാധാരണ ഇനങ്ങളിലുള്ള മത്സ്യങ്ങളെ പ്രവേശിപ്പിക്കുന്നത് നിയന്ത്രിക്കുന്നതിന് സർക്കാരിനുള്ള അധികാരം.—നിലവിലുള്ള മത്സ്യസമ്പത്തിന് ഏതെങ്കിലും നാശനഷ്ടത്തിന് ഇടയാക്കുമെന്നോ, നിലവിലുള്ള ഏതെങ്കിലും ഇനം മത്സ്യത്തിന് പകർച്ച വ്യാധിക്ക് കാരണമായേക്കുമെന്നോ സംശയിക്കപ്പെടുന്ന ഏതെങ്കിലും അസാധാരണ ഇനങ്ങളിലുള്ള ജീവനുള്ള മത്സ്യങ്ങളുടേയോ മത്സ്യവിത്തുകളുടെയോ പ്രവേശം സർക്കാരിന്, ഗസറ്റ് വിജ്ഞാപനംവഴി, നിയന്ത്രിക്കുകയോ, നിരോധിക്കുകയോ, ക്രമീകരിക്കുകയോ ചെയ്യാവുന്നതാണ്.

22. ലൈസൻസ് നിരസിച്ചുകൊണ്ടോ സസ്പെന്റ് ചെയ്തുകൊണ്ടോ റദ്ദാക്കിക്കൊണ്ടോ ഉള്ള ഉത്തരവുകൾക്കെതിരെ അപ്പീൽ.—(1) ലൈസൻസ് നിരസിച്ചുകൊണ്ടോ സസ്പെന്റ് ചെയ്തുകൊണ്ടോ റദ്ദാക്കിക്കൊണ്ടോ ഉള്ള അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്റെ ഏതെങ്കിലും ഉത്തരവിനെപ്പറ്റി പരാതിയുള്ള ഏതൊരാളിനും, അയാളെ ഉത്തരവ് അറിയിച്ച തീയതി മുതൽ മുപ്പത് ദിവസത്തിനകം അപ്പലേറ്റ് അധികാരസ്ഥന് അപ്പീൽ ബോധിപ്പിക്കാവുന്നതാണ്.

എന്നാൽ, അങ്ങനെയുള്ള ഒരു ഉത്തരവ് ഏതെങ്കിലും ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനം പുറപ്പെടുവിച്ചിട്ടുള്ള സംഗതിയിൽ അങ്ങനെയുള്ള അപ്പീൽ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് 271 എസ് വകുപ്പ് പ്രകാരം രൂപീകരിച്ച അപ്പലേറ്റ് ട്രൈബ്യൂണലിൽ ബോധിപ്പിക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള അപ്പീൽ ലഭിച്ചാൽ അപ്പലേറ്റ് അധികാരി, തനിക്ക് യുക്തമെന്ന് തോന്നുന്ന അന്വേഷണം നടത്തുകയും അപ്പീൽ വാദിക്ക് പറയാനുള്ളത് പറയാൻ ന്യായമായ ഒരു അവസരം നൽകുകയും ചെയ്തശേഷം, അതിൻമേൽ തനിക്ക് യുക്തമെന്ന് തോന്നുന്ന ഉത്തരവ് പാസ്സാക്കേണ്ടതാണ്.

23. ഈ ആക്റ്റ് പ്രകാരം നടത്തുന്ന അന്വേഷണത്തെ സംബന്ധിച്ച് അപ്പലേറ്റ് അധികാരിക്കുള്ള അധികാരങ്ങൾ.—(1) അന്വേഷണം നടത്തുമ്പോൾ അപ്പലേറ്റ് അധികാരിക്ക് 1908-ലെ സിവിൽ നടപടി നിയമസംഹിത (1908-ലെ 15-ാം കേന്ദ്ര ആക്റ്റ്) പ്രകാരം കേസ് വിചാരണ ചെയ്യുമ്പോൾ, ഒരു സിവിൽ കോടതിക്കുള്ള എല്ലാ അധികാരങ്ങളും താഴെപ്പറയുന്ന സംഗതികൾ സംബന്ധിച്ച് ഉണ്ടായിരിക്കുന്നതാണ്, അതായത് :—

(എ) സാക്ഷികളെ സമൻ ചെയ്യുന്നതിനും ഹാജരാകാൻ നിർബന്ധിക്കുന്നതിനും ;

(ബി) ഏതെങ്കിലും പ്രമാണത്തിന്റെ കണ്ടെടുക്കലും ഹാജരാക്കലും ആവശ്യപ്പെടുന്നതിന് ;

(സി) ഏതെങ്കിലും കോടതിയിൽനിന്നോ ഓഫീസിൽനിന്നോ ഏതെങ്കിലും പൊതുരേഖ ആവശ്യപ്പെടുന്നതിന് ;

(ഡി) സത്യവാങ്മൂലത്തിൻമേൽ തെളിവ് സ്വീകരിക്കുന്നതിന് ;

(ഇ) സാക്ഷികളെ വിസ്തരിക്കുന്നതിനോ പ്രമാണങ്ങൾ പരിശോധിക്കുന്നതിനോ കമ്മീഷൻ പുറപ്പെടുവിക്കുന്നതിന്.

(2) അപ്പലേറ്റ് അതോറിറ്റി ഈ ആക്റ്റ് പ്രകാരമുള്ള ഏതെങ്കിലും അധികാരങ്ങൾ വിനിയോഗിക്കുമ്പോൾ, 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയുടെ (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്) 345-ഉം 346-ഉം വകുപ്പുകളുടെ ആവശ്യത്തിലേക്ക് ഒരു സിവിൽ കോടതി ആയി കരുതപ്പെടേണ്ടതാണ്.

24. റിവിഷൻ.—സർക്കാരിന് അതതു സംഗതിപോലെ, സ്വമേധയായോ അല്ലെങ്കിൽ അപ്പലേറ്റ് അതോറിറ്റിയുടെ ഉത്തരവ് മുതൽ മുപ്പത് ദിവസത്തിനകം ആ ഉത്തരവിനെപ്പറ്റി പരാതിയുള്ള ഏതെങ്കിലും ആൾ നൽകിയ അപേക്ഷയിൻമേലോ, അപ്പീൽ പാസ്സാക്കപ്പെട്ട ഉത്തരവിന്റെ രേഖകൾ ആവശ്യപ്പെടാവുന്നതും അതിനെ സംബന്ധിച്ച് ഉചിതമെന്ന് തോന്നുന്ന ഉത്തരവ് പുറപ്പെടുവിക്കാവുന്നതുമാണ് :

എന്നാൽ ഈ വകുപ്പുപ്രകാരമുള്ള ഏതൊരു ഉത്തരവും, അത് ബാധിക്കുന്ന ആൾക്ക് അക്കാര്യത്തിൽ പറയാനുള്ളത് പറയുവാൻ ന്യായമായ ഒരു അവസരം നൽകിയതിനുശേഷമല്ലാതെ, പാസ്സാക്കാൻ പാടുള്ളതല്ല.

## അദ്ധ്യായം IV

## മത്സ്യസങ്കേതങ്ങൾ

25. മത്സ്യസങ്കേതമായി പ്രഖ്യാപിക്കൽ.—(1) സംസ്ഥാന സർക്കാരിന്, ഏതെങ്കിലും ഒരു പ്രദേശം, മത്സ്യത്തെയോ അതിന്റെ പരിസ്ഥിതിയേയോ സംരക്ഷിക്കുന്നതിനും വർദ്ധിപ്പിക്കുന്നതിനുമായി ഫിഷറി സംബന്ധിച്ചുള്ളതോ ജന്തുശാസ്ത്രപരമോ പ്രകൃത്യായുള്ള പരിസ്ഥിതിപരമോ ആയ മതിയായ പ്രധാന്യമുള്ളതാണെന്ന് കരുതുന്ന പക്ഷം അങ്ങനെയുള്ള പ്രദേശത്തെ ഒരു മത്സ്യസങ്കേതമായി ഗസറ്റ് വിജ്ഞാപനംമൂലം പ്രഖ്യാപിക്കാവുന്നതാണ്.

എന്നാൽ അപ്രകാരം പ്രഖ്യാപിക്കുന്നതിനുമുമ്പായി പ്രസ്തുത പ്രദേശത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അധീനതയിലുള്ള ജലാശയം സ്ഥിതി ചെയ്യുന്നുണ്ടെങ്കിൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനവുമായി സർക്കാർ കൂടിയാലോചിക്കേണ്ടതാണ്.

(2) എപ്പോഴെങ്കിലും അങ്ങനെയുള്ള ഏതെങ്കിലും പ്രദേശം മത്സ്യസങ്കേതമായി പ്രഖ്യാപിക്കപ്പെടുമ്പോൾ, അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ റവന്യൂരേഖകൾ പരിശോധിച്ചതിനുശേഷം സങ്കേതത്തിന്റെ പരിധിക്കുള്ളിൽപ്പെടുന്ന പ്രദേശത്തിലോ അതിൻമേലോ ഏതെങ്കിലും ആൾക്കുള്ള അവകാശത്തിന്റെ നിലനിൽപ്പ്, സ്വഭാവം, വ്യാപ്തി എന്നിവയെപ്പറ്റി അന്വേഷിച്ച് തീരുമാനിക്കേണ്ടതാണ്.

(3) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു വിജ്ഞാപനം പുറപ്പെടുവിച്ചതിനു ശേഷം യാതൊരാളും വിജ്ഞാപനത്തിൽ പ്രത്യേകം പറഞ്ഞിട്ടുള്ള പ്രദേശങ്ങളുടെ

പരിധിക്കുള്ളിൽപ്പെട്ട പ്രദേശങ്ങളിലോ അവയിൻമേലോ ഒസ്യത്ത് പ്രകാരമോ അല്ലാതെയോ ഉള്ള പിൻതുടർച്ചാവകാശപ്രകാരമല്ലാതെ യാതൊരവകാശവും ആർജ്ജിക്കുവാൻ പാടുള്ളതല്ല.

(4) (1)-ാം ഉപവകുപ്പ് പ്രകാരം ഒരു വിജ്ഞാപനം പുറപ്പെടുവിക്കപ്പെട്ടാൽ, അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ, ആ പ്രദേശത്തിലും അതിന്റെ അയൽപ്രദേശങ്ങളിലുമുള്ള ഓരോ പട്ടണത്തിലും ഗ്രാമത്തിലും പ്രാദേശിക ഭാഷയിലുള്ള ഒരു വിളംബരം—

(എ) മത്സ്യസങ്കേതത്തിന്റെ അതിർത്തികൾ വിവരിച്ചുകൊണ്ടും ;

(ബി) (3)-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും അവകാശം തേർച്ച ചെയ്യുന്ന ആളോട്, വിളംബരത്തിന്റെ തീയതി മുതൽ മൂന്ന് മാസത്തിനകം ആവശ്യമായ വിശദാംശങ്ങളോടൊപ്പം, അവകാശത്തിന്റെ സ്വഭാവവും വ്യാപ്തിയും അതിനെ സംബന്ധിച്ച് തേർച്ച ചെയ്യുന്ന നഷ്ടപരിഹാരത്തിന്റെ തുകയും വിശദവിവരങ്ങളും പ്രത്യേകം പറയുന്നതും ലിഖിതവുമായ ഒരു തേർച്ച, നിർദ്ദിഷ്ട ഫാറത്തിൽ, അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ മുമ്പാകെ സമർപ്പിക്കുന്നതിനാവശ്യപ്പെട്ടുകൊണ്ടും പുറപ്പെടുവിക്കേണ്ടതാണ്.

(5) അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ, തേർച്ചക്കാരന് നിർദ്ദിഷ്ട നോട്ടീസ് നൽകിയശേഷം, (4)-ാം ഉപവകുപ്പ് (ബി) ഖണ്ഡപ്രകാരം തന്റെ മുമ്പാകെ സമർപ്പിക്കപ്പെട്ട തേർച്ചയെക്കുറിച്ച് സംസ്ഥാന സർക്കാരിന്റെ രേഖകളിൽനിന്നും അതിനെപ്പറ്റി അറിവുള്ള ഏതെങ്കിലും ആൾ നൽകിയ തെളിവിൽനിന്നും, അതിനെക്കുറിച്ച് അറിയാൻ കഴിയുന്നിടത്തോളം അന്വേഷണം നടത്തേണ്ടതാണ്.

26. അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന് അന്വേഷണാവശ്യത്തിനായുള്ള അധികാരങ്ങൾ.— 25-ാം വകുപ്പ് (5)-ാം ഉപവകുപ്പ് പ്രകാരമുള്ള അന്വേഷണത്തിന്റെ ആവശ്യത്തിലേക്ക്, അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്, താഴെപ്പറയുന്ന അധികാരങ്ങൾ വിനിയോഗിക്കാവുന്നതാണ്, അതായത് :—

(എ) ഏതെങ്കിലും പ്രദേശത്ത് പ്രവേശിക്കുന്നതിനും അത് സർവ്വെ ചെയ്യുകയും അതിന്റെ അതിരടയാളമിടുകയും അതിന്റെ ഭൂപടം ഉണ്ടാക്കുകയും ചെയ്യുന്നതിന് അതിന് മറ്റേതെങ്കിലും ഉദ്യോഗസ്ഥനെ അധികാരപ്പെടുത്തുന്നതിനുമുള്ള അധികാരം ;

(ബി) വ്യവഹാരങ്ങളുടെ വിചാരണയ്ക്കായി സിവിൽ കോടതിയിൽ നിക്ഷിപ്തമായിട്ടുള്ള അതേ അധികാരങ്ങൾ.

27. മത്സ്യസങ്കേതത്തിൽ പ്രവേശിക്കുന്നതിനുള്ള നിയന്ത്രണം.—(1) (എ) ഡ്യൂട്ടിയിൽ ഇരിക്കുന്ന ഒരു പബ്ലിക്സെർവന്റ്;

(ബി) മത്സ്യസങ്കേതത്തിന്റെ പരിധിക്കുള്ളിൽ താമസിക്കുന്നതിന് അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ അനുവദിച്ചിട്ടുള്ള ആൾ ;

(സി) മത്സ്യസങ്കേതത്തിന്റെ പരിധിക്കുള്ളിലുള്ള സ്ഥാവരസ്വത്തിന്മേൽ എന്തെങ്കിലും അവകാശമുള്ള ആൾ ;

(ഡി) മത്സ്യസങ്കേതത്തിലുള്ള ഒരു പൊതുവഴിയിലൂടെ കടന്നുപോകുന്ന ആൾ ;

(ഇ) (ബി), (സി) എന്നീ ഖണ്ഡങ്ങളിൽ പരാമർശിക്കപ്പെട്ടിട്ടുള്ള ആളുകളുടെ ആശ്രിതർ,

എന്നിവരൊഴികെ യാതൊരാളും 30-ാം വകുപ്പ് പ്രകാരം നൽകിയ ഒരു പെർമിറ്റ് പ്രകാരവും അതിലെ വ്യവസ്ഥകൾക്കനുസൃതമല്ലാതെ ഒരു മത്സ്യസങ്കേതത്തിൽ പ്രവേശിക്കുകയോ താമസിക്കുകയോ ചെയ്യാൻ പാടുള്ളതല്ല.

(2) ഏതൊരാളും, അതാത് മത്സ്യസങ്കേതത്തിൽ താമസിക്കുന്നിടത്തോളം,

(എ) മത്സ്യസങ്കേതത്തിൽ, ഈ ആക്റ്റിനു വിരുദ്ധമായ ഒരു കുറ്റം ചെയ്യപ്പെടുന്നത് തടയുവാനും ;

(ബി) അങ്ങനെയുള്ള സങ്കേതത്തിൽ ഈ ആക്റ്റിനു വിരുദ്ധമായ ഏതെങ്കിലും കുറ്റം ചെയ്യപ്പെട്ടിരിക്കുന്നുവെന്ന് വിശ്വസിക്കുവാൻ മതിയായ കാരണമുള്ള സംഗതിയിൽ, കുറ്റക്കാരനെ കണ്ടുപിടിക്കുന്നതിനും അറസ്റ്റ് ചെയ്യുന്നതിന് സഹായിക്കുവാനും ;

(സി) ഏതെങ്കിലും മത്സ്യത്തിന്റെ നാശം റിപ്പോർട്ട് ചെയ്യുന്നതിനും അങ്ങനെയുള്ള സങ്കേതത്തിന്റെ മലിനീകരണമോ നാശമോ തടയുവാനും ;

(ഡി) ഈ ആക്റ്റിനു വിരുദ്ധമായ ഏതെങ്കിലും കുറ്റം ചെയ്യുന്നത് തടയുവാനോ അല്ലെങ്കിൽ അങ്ങനെയുള്ള കുറ്റം സംബന്ധിച്ച് അന്വേഷണം നടത്തുന്നതിനോ തന്റെ സഹായം ആവശ്യപ്പെടുന്ന ഏതെങ്കിലും അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥനേയോ മറ്റേതെങ്കിലും ഫിഷറി വകുപ്പ് ഉദ്യോഗസ്ഥനേയോ പോലീസ് ഉദ്യോഗസ്ഥനേയോ സഹായിക്കുന്നതിനും ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

(3) യാതൊരാളും, അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്റെ മുൻകൂട്ടിയുള്ള രേഖാമൂലമായ അനുവാദത്തോടുകൂടിയല്ലാതെ, ഏതെങ്കിലും വാഹനത്തോടുകൂടിയോ അല്ലാതെയോ ഏതെങ്കിലും മത്സ്യബന്ധന ഉരുവോ മത്സ്യബന്ധനത്തിനുള്ള സ്വതന്ത്രവലയോ ആയുധമോ മറ്റ് സംവിധാനങ്ങളോ സഹിതം ഒരു മത്സ്യസങ്കേതത്തിൽ പ്രവേശിക്കുവാൻ പാടുള്ളതല്ല.

28. ഹാനികരമായ പദാർത്ഥങ്ങൾ ഉപയോഗിക്കുന്നതിന് നിരോധനം.—യാതൊരാളും ഒരു മത്സ്യസങ്കേതത്തിൽ, സങ്കേതത്തിലെ മത്സ്യത്തിനോ ഫിഷറിക്കോ ഹാനി വരുത്തുന്നതോ അപകടം ഉണ്ടാക്കുന്നതോ ആയ രാസവസ്തുക്കളോ സ്ഫോടകവസ്തുക്കളോ മറ്റേതെങ്കിലും പദാർത്ഥങ്ങളോ ഉപയോഗിക്കുവാൻ പാടുള്ളതല്ല.

29. പെർമിറ്റ് നൽകൽ.—(1) അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന് അപേക്ഷയിന്മേൽ, ഏതൊരാൾക്കും, താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ ആവശ്യങ്ങൾക്ക് ഒരു മത്സ്യസങ്കേതത്തിൽ പ്രവേശിക്കുന്നതിനോ താമസിക്കുന്നതിനോ പെർമിറ്റ് നൽകാവുന്നതാണ്, അതായത് :—

(എ) മത്സ്യത്തെയും ഫിഷറിയെയും സംബന്ധിച്ച് അന്വേഷണവും പഠനവും, അതിനോടനുബന്ധിച്ചുള്ളതോ ആനുഷംഗികമോ ആയ ആവശ്യങ്ങളിൽ ;

(ബി) ഫോട്ടോ എടുക്കൽ ;

(സി) ശാസ്ത്രീയ ഗവേഷണം ;

(ഡി) വിനോദസഞ്ചാരം ;

(ഇ) സങ്കേതത്തിൽ താമസിക്കുന്ന ഏതെങ്കിലും ആളുമായി നിയമാനുസൃതമായ ഇടപാടുകൾ.

(2) ഒരു മത്സ്യസങ്കേതത്തിൽ പ്രവേശിക്കുന്നതിനോ താമസിക്കുന്നതിനോ ഉള്ള അനുമതി നൽകേണ്ടത് നിർണ്ണയിക്കപ്പെടാവുന്ന വ്യവസ്ഥകൾക്കും അങ്ങനെയുള്ള ഫീസ് നൽകുന്നതിനും വിധേയമായിട്ടായിരിക്കേണ്ടതാണ്.

(3) അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്, രേഖപ്പെടുത്തിയ ശരിയും മതിയായതുമായ കാരണത്താൽ, (1)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട പെർമിറ്റ് റദ്ദ് ചെയ്യാവുന്നതാണ് :

എന്നാൽ പെർമിറ്റ് ലഭിച്ച ആൾക്ക് പറയാനുള്ളത് പറയുവാൻ ന്യായമായ ഒരവസരം നൽകിയശേഷമല്ലാതെ അത് റദ്ദ് ചെയ്യാൻ പാടുള്ളതല്ല.

(4) (3)-ാം ഉപവകുപ്പുപ്രകാരം ഒരു പെർമിറ്റ് റദ്ദാക്കിയതിൽ പരാതിയുള്ള ഏതൊരാൾക്കും, അങ്ങനെയുള്ള റദ്ദാക്കലിന്റെ തീയതി മുതൽ പതിനഞ്ച് ദിവസത്തിനകം അപ്പലേറ്റ് അധികാരസ്ഥന് അപ്പീൽ നൽകാവുന്നതും അതിന്മേൽ അദ്ദേഹത്തിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

30. മത്സ്യസങ്കേതത്തിന്റെ മാനേജ്മെന്റും പരിപാലനവും.— ഫിഷറീസ് ഡയറക്ടറോ അദ്ദേഹം അധികാരപ്പെടുത്തിയ മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ മത്സ്യസങ്കേതം നിയന്ത്രിക്കുന്നതിനും മാനേജ് ചെയ്യുവാനും പരിപാലിക്കുവാനുമുള്ള ഉദ്യോഗസ്ഥനായിരിക്കുന്നതും അദ്ദേഹത്തിന് ആ ആവശ്യത്തിലേക്ക് സങ്കേതത്തിന്റെ പരിധിക്കുള്ളിൽ,—

(എ) റോഡുകളോ, പാലങ്ങളോ, കെട്ടിടങ്ങളോ, വേലികളോ, തടസ്സഗേറ്റുകളോ നിർമ്മിക്കുകയോ അങ്ങനെയുള്ള സങ്കേതത്തിന്റെ ആവശ്യങ്ങൾക്ക് വേണ്ടതെന്ന് താൻ കരുതുന്ന മറ്റ് പണികൾ നടത്തുകയോ ചെയ്യാവുന്നതാണ് ;

(ബി) അങ്ങനെയുള്ള സങ്കേതത്തിലെ മത്സ്യത്തിന്റെയും ഫിഷറിയുടെയും സുരക്ഷിതത്വവും സങ്കേതത്തിന്റെയും അതിലെ മത്സ്യത്തിന്റെയും സംരക്ഷണവും ഉറപ്പ് വരുത്തുന്ന തരത്തിലുള്ള നടപടികൾ എടുക്കേണ്ടതാണ് ;

(സി) മത്സ്യത്തിന്റെയും ഫിഷറിയുടെയും താൽപര്യത്തിലേക്ക് അധിവാസസ്ഥാനം മെച്ചപ്പെടുത്തുന്നതിന് ആവശ്യമെന്ന് കരുതുന്ന മറ്റ് നടപടികൾ എടുക്കാവുന്നതാണ് ;

(ഡി) മത്സ്യബന്ധന പ്രവർത്തനങ്ങളോ അക്വാകൾച്ചറോ ഫിൽട്രേഷനോ ക്രമീകരിക്കുകയോ നിയന്ത്രിക്കുകയോ നിരോധിക്കുകയോ ചെയ്യാവുന്നതാണ്.

അദ്ധ്യായം V

## അക്വാകൾച്ചർ

31. മത്സ്യവിത്തുകളുടെ രജിസ്ട്രേഷനും സാക്ഷ്യപ്പെടുത്തലും.— (1) സർക്കാരിന് ഗസറ്റ് വിജ്ഞാപനംമൂലം മത്സ്യവിത്തുകൾ രജിസ്റ്റർ ചെയ്യുന്നതിനും അതിന്റെ ഗുണ നിലവാരം സാക്ഷ്യപ്പെടുത്തുന്നതിനുമായി ഏജൻസികളെ ചുമതലപ്പെടുത്താവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൻപ്രകാരമുള്ള മത്സ്യവിത്തുകൾക്കുള്ള രജിസ്ട്രേഷനും സാക്ഷ്യപ്പെടുത്തലും അതിനായുള്ള ഏജൻസികളെ ചുമതലപ്പെടുത്തുന്നതും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള രീതിയിൽ ആയിരിക്കേണ്ടതാണ്.

(3) മത്സ്യവിത്തുകളുടെ രജിസ്ട്രേഷനും സാക്ഷ്യപ്പെടുത്തലും സംബന്ധിച്ച എല്ലാ കാര്യങ്ങൾക്കും സർക്കാരിനെ ഉപദേശിക്കുന്നതിനും (1)-ാം ഉപവകുപ്പുപ്രകാരം രൂപീകരിക്കപ്പെട്ട ഏജൻസികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി അക്വാകൾച്ചർ/ഫിഷറി മേഖലയിലെ സാങ്കേതിക വിദഗ്ദ്ധർ ഉൾപ്പെടുന്ന ഒരു മത്സ്യവിത്ത് കമ്മിറ്റി സർക്കാർ ഗസറ്റ് വിജ്ഞാപനംമൂലം രൂപീകരിക്കേണ്ടതും പ്രസ്തുത കമ്മിറ്റിയിൽ ചെയർപേഴ്സൺ അടക്കം അഞ്ചിൽ കവിയാത്ത അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതുമാണ്.

(4) (3)-ാം ഉപവകുപ്പുപ്രകാരം രൂപീകരിച്ച മത്സ്യവിത്ത് കമ്മിറ്റിയുടെ ഘടന, സേവന വേതന വ്യവസ്ഥകൾ, കാലാവധി, കർത്തവ്യങ്ങളും ചുമതലകളും നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ ആയിരിക്കേണ്ടതാണ്.

(5) സർക്കാരിന്, പ്രസ്തുത കമ്മിറ്റിയുടെ ശുപാർശയിന്മേൽ ഏതൊരിനത്തിലോ തരത്തിലോ ഉള്ള അക്വാകൾച്ചർ വിത്തിന്റെ ഗുണനിലവാരം നിയന്ത്രിക്കേണ്ടത് ആവശ്യമാണ് എന്ന് കരുതുന്ന പക്ഷം, ഈ ആക്റ്റിന്റെ ആവശ്യത്തിലേക്കായി അങ്ങനെയുള്ള ഇനത്തേയോ തരത്തേയോ ഒരു വിജ്ഞാപനം ചെയ്യപ്പെട്ട ഇനമായോ തരമായോ ഗസറ്റ് വിജ്ഞാപനംമൂലം പ്രഖ്യാപിക്കാവുന്നതും, വിവിധ ജില്ലകൾക്കോ, അതിന്റെ വിവിധ പ്രദേശങ്ങൾക്കോ ആയി വിവിധ ഇനത്തിനേയും തരത്തിനേയും വിജ്ഞാപനം ചെയ്യാവുന്നതാണ്.

(6) സർക്കാരിന് മത്സ്യവിത്ത് കമ്മിറ്റിയുടെ ശുപാർശയിന്മേൽ, ഗസറ്റ് വിജ്ഞാപനത്തിലൂടെ,—

(എ) വിജ്ഞാപനം ചെയ്യപ്പെട്ട ഏതൊരിനത്തിലോ തരത്തിലോ ഉള്ള അക്വാകൾച്ചർ വിത്തിനേയും സംബന്ധിച്ച അതിന്റെ ഏറ്റവും കുറഞ്ഞ വലിപ്പം, ഭാരം, ശുദ്ധി, ആരോഗ്യസ്ഥിതി ;

(ബി) ഖണ്ഡം (എ) യിൽ വിനിർദ്ദേശിച്ചിരിക്കുന്ന ഏറ്റവും കുറഞ്ഞ വലിപ്പവും ഭാരവും ശുദ്ധിയും ആരോഗ്യസ്ഥിതിയും അങ്ങനെയുള്ള അക്വാകൾച്ചർ വിത്തുകൾക്കുണ്ടെന്ന് ഉറപ്പാക്കുന്നതായി സൂചിപ്പിക്കുന്ന അടയാളമോ ലേബലോ, അങ്ങനെയുള്ള അടയാളത്തിലോ ലേബലിലോ ഉൾപ്പെട്ടിരിക്കേണ്ട വിവരങ്ങളും

വിനിർദ്ദേശിക്കാവുന്നതാണ്.

(7) യാതൊരാളും, വിജ്ഞാപനം ചെയ്യപ്പെട്ട ഏതൊരു ഇനത്തിലോ തരത്തിലോ ഉള്ള ഏതൊരു അക്വാകൾച്ചർ വിത്ത്,—

(എ) അതിന്റെ ഇനമോ തരമോ തിരിച്ചറിയുന്ന ;

(ബി) (6)-ാം ഉപവകുപ്പ് (എ) ഖണ്ഡത്തിൽ വിനിർദ്ദേശിക്കപ്പെട്ട വലിപ്പം, ഇനം, ശുദ്ധി, ആരോഗ്യസ്ഥിതി ഉറപ്പ് വരുത്തുന്ന ;

(സി) അക്വാകൾച്ചർ വിത്ത് അടങ്ങിയിരിക്കുന്ന 'കണ്ടയിനർ' (6)-ാം ഉപവകുപ്പ് (ബി) ഖണ്ഡത്തിൽ വിനിർദ്ദേശിച്ചിരിക്കുന്ന പ്രകാരം അതിന്റെ ശരിയായ വിവരണങ്ങൾ ഉൾക്കൊള്ളുന്ന അടയാളമോ ലേബലോ നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ വഹിക്കുന്ന ;

(ഡി) നിർണ്ണയിക്കപ്പെടാവുന്ന മറ്റ് അവശ്യഘടകങ്ങൾ അനുസരിച്ചുള്ള, വിധത്തിലല്ലാതെ, വിൽപ്പന നടത്തുകയോ വിൽപ്പനയ്ക്കായി സൂക്ഷിക്കുകയോ വിൽപ്പനയ്ക്കായി തയ്യാറാക്കുകയോ, ചരക്ക് കൈമാറ്റത്തിലൂടെയോ മറ്റുതരത്തിലോ വിതരണം നടത്തുവാനോ പാടുള്ളതല്ല.

(8) സർക്കാരിന് ഗസറ്റ് വിജ്ഞാപനത്തിലൂടെ നിർണ്ണയിക്കപ്പെട്ട യോഗ്യതയുള്ള അതിന് ആവശ്യമെന്ന് തോന്നുന്ന അങ്ങനെയുള്ള ഉദ്യോഗസ്ഥരെ അക്വാകൾച്ചർ വിത്ത് പരിശോധിക്കാൻ അധികാരപ്പെടുത്താവുന്നതും അവർ അധികാരം വിനയോഗിക്കേണ്ടുന്ന തദ്ദേശാധികാരപരിധി നിർണ്ണയിക്കാവുന്നതുമാണ്.

32. അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ അധികാരങ്ങൾ.— (1) 31-ാം വകുപ്പിലെ (8)-ാം ഉപവകുപ്പിലെ (എ) ഖണ്ഡപ്രകാരം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്,—

(എ) ഉൽപ്പാദിപ്പിക്കപ്പെട്ട മത്സ്യവിത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്താനും ലഭ്യമായ 'ബ്രൂഡ് സ്റ്റോക്ക്' അവസ്ഥ പരിശോധിക്കുന്നതിനായും ഏതൊരു ഹാച്ചറിയിലും പ്രവേശിക്കാവുന്നതും ;

(ബി) വിജ്ഞാപനം ചെയ്യപ്പെട്ട ഏതൊരു ഇനത്തിലോ തരത്തിലോ ഉള്ള ഏതൊരു അക്വാകൾച്ചർ വിത്തിന്റെയും സാമ്പിൾ,

(i) ഏതെങ്കിലും ഹാച്ചറിയിൽനിന്നോ മത്സ്യവിത്ത് ഫാമിൽനിന്നോ അത്തരം അക്വാകൾച്ചർ വിത്ത് വിൽപ്പന നടത്തിക്കൊണ്ടിരിക്കുന്നതോ വിൽപ്പനയ്ക്കു വച്ചിട്ടുള്ളതോ ആയ ഏതെങ്കിലും ആളിൽനിന്നോ ;

(ii) അത്തരം അക്വാകൾച്ചർ വിത്ത് വിലയ്ക്ക് വാങ്ങുന്ന ഒരാൾക്കോ അല്ലെങ്കിൽ ഏറ്റുവാങ്ങുന്ന ഒരാൾക്കോ നൽകുകയോ നൽകിക്കൊണ്ടിരിക്കുകയോ നൽകാൻ തയ്യാറെടുക്കുകയോ ചെയ്യുന്ന ഏതൊരാളിൽനിന്നോ ;

(iii) അത്തരം അക്വാകൾച്ചർ വിത്ത് കൊടുത്തതിനുശേഷം വിലയ്ക്ക് വാങ്ങുന്ന ആളിനോ ഏറ്റുവാങ്ങുന്ന ആളിനോ കൈമാറ്റം നടന്നശേഷം അയാളിൽനിന്നോ ;

എടുക്കാവുന്നതും ;

(സി) അത്തരം സാമ്പിൾ, ഏത് പ്രദേശത്തുനിന്നാണോ എടുത്തിട്ടുള്ളത് ആ പ്രദേശത്തിനുവേണ്ടിയുള്ള ലബോറട്ടറിയിലേക്ക് അത്തരം സാമ്പിൾ സൂക്ഷ്മപരിശോധനയ്ക്കായി അയയ്ക്കാവുന്നതും ;

(ഡി) ഈ ആക്റ്റ് പ്രകാരമുള്ള ഏതെങ്കിലും ഒരു കുറ്റം ഒരാൾ ചെയ്തിട്ടുണ്ടെന്ന് വിശ്വസിക്കാൻ മതിയായ കാരണമുണ്ടെങ്കിൽ ഏത് സ്ഥലത്തും ആവശ്യമെന്ന് തോന്നുന്ന അങ്ങനെയുള്ള സഹായത്തോടുകൂടി എല്ലാ ന്യായമായ സമയത്തും പ്രവേശിക്കാവുന്നതും പരിശോധിക്കാവുന്നതും ഏതെങ്കിലും വിത്ത് കൈവശമുള്ള ആളിനെ സംബന്ധിച്ചാണ് കുറ്റം ചെയ്തതെന്നോ കുറ്റം ചെയ്യുകയാണെങ്കിലോ മുപ്പത് ദിവസങ്ങൾ കവിയാതെയുള്ള ഒരു നിർദ്ദിഷ്ട കാലയളവുവരെ അങ്ങനെയുള്ള മത്സ്യവിത്തിന്റെ ഏതെങ്കിലും ശേഖരം കൈയൊഴിപ്പിക്കാൻ പാടില്ലാ എന്ന് രേഖാമൂലം ഉത്തരവ് നൽകാവുന്നതും ;

(ഇ) (ഡി) ഖണ്ഡത്തിൽ പറഞ്ഞിരിക്കുന്ന ഏതൊരു പ്രദേശത്തുനിന്നും കണ്ടെടുത്ത ഏതൊരു രേഖയോ രജിസ്റ്ററോ പ്രമാണമോ അല്ലെങ്കിൽ മറ്റേതെങ്കിലും തൊണ്ടിസാധനമോ പരിശോധിക്കുന്നതിനും അവ ഈ ആക്റ്റ് പ്രകാരം ശിക്ഷിക്കാവുന്ന ഒരു കുറ്റം നടത്തുന്നതിനുള്ള തെളിവായി നൽകാമെന്ന് അദ്ദേഹത്തിനുതന്നെ വിശ്വസിക്കാൻ കാരണമുണ്ടെങ്കിൽ പിടിച്ചെടുക്കാവുന്നതും ;

(എഫ്) വിജ്ഞാപനം ചെയ്യപ്പെട്ട ഏതെങ്കിലും ഇനത്തിലോ തരത്തിലോ ഉള്ള അക്വാകൾച്ചർ വിത്ത് അടങ്ങിയിരിക്കുന്ന കണ്ടെയിനർ ബലം പ്രയോഗിച്ച് തുറക്കുന്നതിനോ അക്വാകൾച്ചർ വിത്ത് വിൽപ്പനക്കായി സൂക്ഷിച്ചിരിക്കുന്ന ഹാച്ചറിയിൽനിന്നോ കുളത്തിൽനിന്നോ അത്തരം അക്വാകൾച്ചർ വിത്ത് ശേഖരിക്കാവുന്നതുമാണ് :

എന്നാൽ ഹാച്ചറിയുടെയോ മത്സ്യഫാമിന്റേയോ കുളത്തിന്റേയോ ഉടമസ്ഥൻ അല്ലെങ്കിൽ കൈവശക്കാരൻ അതിന്റെ പരിസരത്തുണ്ടായിരുന്നിട്ടും ഹാച്ചറിയിലോ മത്സ്യഫാമിലോ കുളത്തിലോനിന്ന് അക്വാകൾച്ചർ വിത്ത് കൊണ്ടുവരാൻ ആവശ്യപ്പെട്ടതിനുശേഷവും വിസമ്മതിച്ചാൽ മാത്രമേ ഹാച്ചറിയിൽനിന്നോ മത്സ്യഫാമിൽനിന്നോ കുളത്തിൽനിന്നോ അക്വാകൾച്ചർ വിത്ത് ശേഖരിക്കാനുള്ള അധികാരം വിനിയോഗിക്കാൻ പാടുള്ളു.

(2) വിജ്ഞാപനം ചെയ്യപ്പെട്ട ഏതൊരിനത്തിലോ തരത്തിലോ ഉള്ള അക്വാകൾച്ചർ വിത്തിന്റെ സാമ്പിൾ (1)-ാം ഉപവകുപ്പിലെ (ബി) ഖണ്ഡപ്രകാരം ഏതൊരാളിൽനിന്നാണോ എടുക്കുന്നത് ആ ആൾക്ക് അത്തരം അക്വാകൾച്ചർ വിത്തിന്റെ അപ്പോഴത്തെ കമ്പോളനിരക്കിലുള്ള വില നൽകേണ്ടതാണ്.

അദ്ധ്യായം VI

## പിടിച്ചെടുക്കൽ, അറസ്റ്റ്, ശിക്ഷകൾ, രാജികൾ

33. മത്സ്യം സർക്കാർ സ്വത്തായിരിക്കുമെന്ന്.—(1) ഈ ആക്റ്റിലെയോ അതിൻ കീഴിൽ ഉണ്ടാക്കപ്പെട്ട ഏതെങ്കിലും ചട്ടത്തിലെയോ ഉത്തരവിലെയോ വ്യവസ്ഥകൾക്ക് വിരുദ്ധമായി പിടിച്ചതോ ശേഖരിച്ചതോ വിളവെടുപ്പ് നടത്തിയതോ കൃഷി ചെയ്തതോ അല്ലെങ്കിൽ ഫിൽട്രേഷനിലൂടെ വിളവെടുപ്പ് നടത്തിയതോ ആയ ഏതൊരു മത്സ്യവും, അത് ജീവനുള്ളതായിരുന്നാലും ജീവനില്ലാത്തതായിരുന്നാലും ശരി, സംസ്ഥാന സർക്കാരിന്റെ സ്വത്തായി കരുതപ്പെടേണ്ടതാണ്.

(2) അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്റെ രേഖാമൂലമുള്ള അനുമതി കൂടാതെ, യാതൊരാളും (1)-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള വസ്തു ആർജ്ജിക്കുകയോ സ്വീകരിക്കുകയോ അയാളുടെ കൈവശത്തിലോ അധീനതയിലോ നിയന്ത്രണത്തിലോ വയ്ക്കുയോ ഏതെങ്കിലും ആൾക്ക് കൈമാറ്റം ചെയ്യുകയോ നശിപ്പിക്കുകയോ കേട് വരുത്തുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു.

(3) അങ്ങനെയുള്ള വസ്തുവിന്റെ കൈവശം ഏതെങ്കിലും മാർഗ്ഗേന ലഭിക്കുന്ന ഏതൊരാളും അപ്രകാരം കൈവശം ലഭിച്ചതിനുശേഷം ഇരുപത്തിനാല് മണിക്കൂറിനകം ഏറ്റവുമടുത്തുള്ള പോലീസ് സ്റ്റേഷനിലോ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥനോ ഒരു റിപ്പോർട്ട് നൽകേണ്ടതും ആവശ്യപ്പെടുകയാണെങ്കിൽ അങ്ങനെയുള്ള വസ്തു ആ പോലീസ് സ്റ്റേഷന്റെ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥനോ അല്ലെങ്കിൽ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥനോ, അതത് സംഗതിപോലെ, കൈമാറ്റം ചെയ്യേണ്ടതുമാണ്.

34. പിടിച്ചെടുക്കുന്നതിനോ അറസ്റ്റ് ചെയ്യുന്നതിനോ ഉള്ള അധികാരം.—(1) തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഫിഷറീസ് ഡയറക്ടറോ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥനോ ഈ ആക്റ്റിനോ അതിൻകീഴിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങൾക്കോ വിരുദ്ധമായി ഏതെങ്കിലും ആൾ ഒരു കുറ്റം ചെയ്തതായി വിശ്വസിക്കാൻ മതിയായ കാരണമുള്ള പക്ഷം,—

(എ) അങ്ങനെയുള്ള ഏതൊരാളോടും പിടിച്ച ഏതെങ്കിലും മത്സ്യമോ അല്ലെങ്കിൽ ശേഖരിച്ചിട്ടുള്ള കക്കയോ, ഇറച്ചിയോ അയാളുടെ അധീനതയിലോ നിയന്ത്രണത്തിലോ കൈവശമോ ഉള്ള മറ്റേതെങ്കിലും മത്സ്യ ഉല്പന്നങ്ങളോ അല്ലെങ്കിൽ ഈ ആക്റ്റ് പ്രകാരം അയാൾക്ക് അനുവദിക്കപ്പെട്ടതോ അയാളാൽ സൃഷ്ടിക്കപ്പെടാൻ ആവശ്യപ്പെട്ടിട്ടുള്ളതോ ആയ ഏതെങ്കിലും ലൈസൻസോ പെർമിറ്റോ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റോ മറ്റ് രേഖകളോ പരിശോധനയ്ക്കായി ഹാജരാക്കാൻ ആവശ്യപ്പെടുകയോ, അല്ലെങ്കിൽ

(ബി) പരിശോധനയോ അന്വേഷണമോ നടത്തുന്നതിനുവേണ്ടി ഏതെങ്കിലും വാഹനമോ, മത്സ്യബന്ധന ഉരുവോ, യാനപാത്രമോ നിർത്തുകയും അങ്ങനെയുള്ള അയാളുടെ കൈവശമുള്ള ഏതെങ്കിലും പരിസരങ്ങളിലോ, ഭൂമിയിലോ, വാഹനത്തിലോ, മത്സ്യബന്ധന ഉരുവിലോ, യാനപാത്രത്തിലോ പ്രവേശിക്കുകയും തിരച്ചിൽ നടത്തുകയും അയാളുടെ കൈവശമുള്ള ഏതെങ്കിലും ഭാണ്ഡമോ മറ്റേതെങ്കിലും സാധനമോ തുറക്കുകയും പരിശോധന നടത്തുകയും ചെയ്യുകയോ, അല്ലെങ്കിൽ

(സി) അങ്ങനെയുള്ള ആളുടെ കൈവശത്തിലുള്ള ഏതെങ്കിലും മത്സ്യമോ കക്കയോ ഇറച്ചിയോ ഏതെങ്കിലും മത്സ്യ ഉൽപ്പന്നമോ അങ്ങനെയുള്ള ഏതെങ്കിലും കുറ്റ

കൃത്യം ചെയ്യുന്നതിനും ഉപയോഗിച്ച സ്വതന്ത്രവലയോ മത്സ്യബന്ധന ഉരുവോ മറ്റേതെങ്കിലും യന്ത്രമോ, വാഹനമോ, ആയുധമോ സഹിതം പിടിച്ചെടുക്കുകയും വാറണ്ട് കൂടാതെ അയാളെ അറസ്റ്റ് ചെയ്യുകയും ചെയ്യാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഏതൊരുദ്യോഗസ്ഥനും അയാൾ ഫിഷറീസ് ഡയറക്ടറോ, അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥനോ അല്ലെങ്കിൽ താൻ (1)-ാം ഉപവകുപ്പിലെ (സി) ഖണ്ഡപ്രകാരം പിടിച്ചെടുത്ത ഏതെങ്കിലും സ്വതന്ത്ര വലയോ, മത്സ്യബന്ധന ഉരുവോ, മറ്റുപകരണമോ, വാഹനമോ, ആയുധമോ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്റെ മുമ്പാകെ ഹാജരാക്കേണ്ടതും ആവശ്യപ്പെടുന്ന ഏത് സമയത്തും വിട്ടുകൊടുക്കപ്പെടുന്ന വസ്തു ഹാജരാക്കാമെന്ന് സമ്മതിച്ച് അതിന്റെ ഉടമസ്ഥൻ നൽകുന്ന ഒരു ബോണ്ടിന്മേൽ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ ആയത് വിട്ടുകൊടുക്കേണ്ടതുമാണ്.

(3) (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഏതൊരുദ്യോഗസ്ഥനും ഈ ആക്റ്റിന്റെ വ്യവസ്ഥകൾ പ്രകാരം ലൈസൻസോ, പെർമിറ്റോ ആവശ്യമായിട്ടുള്ള ഏതെങ്കിലും പ്രവർത്തി ചെയ്യുന്നതിനായി താൻ കാണുന്ന ഏതൊരാളേയും തടയാവുന്നതും ലൈസൻസോ പെർമിറ്റോ ഹാജരാക്കാൻ അയാളോടാവശ്യപ്പെടാവുന്നതും ആയത് ഹാജരാക്കുന്നതിന് വീഴ്ച വരുത്തുകയാണെങ്കിൽ അയാളെ വാറണ്ട് കൂടാതെ അറസ്റ്റ് ചെയ്യാവുന്നതുമാണ്.

(4) മേൽപ്പറഞ്ഞ ഏതെങ്കിലും ഉപവകുപ്പുകൾ പ്രകാരം അറസ്റ്റ് ചെയ്യപ്പെടുന്ന ഏതൊരാളോടും ന്യായമായതും എന്നാൽ അറസ്റ്റ് ചെയ്യുന്ന സ്ഥലത്തുനിന്നും മജിസ്ട്രേറ്റ് മുമ്പാകെ എത്തുന്നതിനാവശ്യമായ യാത്രാസമയമൊഴികെ ഇരുപത്തിനാല് മണിക്കൂറിൽ കവിയാത്തതുമായ സമയത്തിനുള്ളിൽ നിയമാനുസൃതമായി കൈകാര്യം ചെയ്യുന്നതിലേക്ക്, അധികാരിതയുള്ള ഒരു മജിസ്ട്രേറ്റിന്റെ മുമ്പാകെ ഹാജരാകേണ്ടതുമാണ്.

(5) ഈ ആക്റ്റിലെ വ്യവസ്ഥകൾ അനുസരിച്ച് ഏതെങ്കിലും മത്സ്യമോ കക്കയോ ഇറച്ചിയോ പിടിച്ചെടുക്കുന്ന സംഗതിയിൽ ഫിഷറീസ് ഡപ്യൂട്ടി ഡയറക്ടറോ അല്ലെങ്കിൽ ഫിഷറീസ് വകുപ്പിലെ ഡപ്യൂട്ടി ഡയറക്ടർ പദവിയിൽ താഴെയല്ലാത്ത ഏതെങ്കിലും ഉദ്യോഗസ്ഥനോ അവയുടെ വിൽപ്പനയ്ക്കുവേണ്ട ഏർപ്പാട് ചെയ്യേണ്ടതും അങ്ങനെയുള്ള വിൽപ്പനയിൽനിന്നുള്ള വരുമാനം നിർണ്ണയിക്കപ്പെടാവുന്നവിധം കൈകാര്യം ചെയ്യേണ്ടതുമാണ്.

(6) ഈ ആക്റ്റിലെ  വ്യവസ്ഥകൾ അനുസരിച്ച് പിടിച്ചെടുത്ത മത്സ്യമോ കക്കയോ ഇറച്ചിയോ സർക്കാരിന്റെ സ്വത്തല്ലായെന്ന് തെളിയിക്കപ്പെടുന്ന സംഗതിയിൽ, അതിൽ നിന്നുള്ള വരുമാനം ഉടമസ്ഥന് തിരിച്ച് നൽകേണ്ടതാണ്.

(7) (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനും, ഈ ആക്റ്റിനോ അത് പ്രകാരം ഉണ്ടാക്കപ്പെട്ട ചട്ടങ്ങൾക്കോ എതിരെയുള്ള ഒരു കുറ്റം തടയുന്നതിനോ കണ്ടുപിടിക്കുന്നതിനോവേണ്ടി അല്ലെങ്കിൽ ഈ ആക്റ്റിന്റെയോ അത് പ്രകാരം ഉണ്ടാക്കപ്പെട്ട ചട്ടങ്ങളുടെയോ ലംഘനം ആരോപിക്കപ്പെട്ട ഒരു വ്യക്തിയെ പിടികൂടുന്നതിനുവേണ്ടി, അല്ലെങ്കിൽ (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡം അനുസരിച്ച് പിടിച്ചെടുക്കലിനോ ഏതെങ്കിലും ആളുടെ സഹായം ആവശ്യമായാൽ അങ്ങനെയുള്ള സഹായം നൽകേണ്ടത് ആ ആളിന്റെ ചുമതല ആയിരിക്കുന്നതാണ്.

35. ശിക്ഷകൾ.—(1) ഈ ആക്റ്റിലേയോ അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളിലേയോ ഏതെങ്കിലും വ്യവസ്ഥകൾ പ്രകാരം ഏർപ്പെടുത്തിയ ഏതെങ്കിലും നിരോധനമോ നിയന്ത്രണമോ ക്രമീകരണമോ ലംഘിക്കുകയോ അല്ലെങ്കിൽ ഈ ആക്റ്റിൻ കീഴിൽ തനിക്ക് ലഭിച്ച ലൈസൻസിലേയോ പെർമിറ്റിലേയോ ഏതെങ്കിലും നിബന്ധനകളോ വ്യവസ്ഥകളോ ലംഘിക്കുകയോ ചെയ്യുന്ന ഏതൊരാളും ഒരു വർഷംവരെ ആകാവുന്ന തടവോ പതിനായിരം രൂപവരെ ആകാവുന്ന പിഴയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ് :

എന്നാൽ രണ്ടാമത്തേയോ പിന്നീടുള്ളതോ ആയ ഒരു കുറ്റത്തിന്റെ സംഗതിയിൽ അയാളെ ആറുമാസക്കാലത്തിൽ കുറയാതെയുള്ള തടവും പതിനായിരം രൂപയിൽ കുറയാതെയുള്ള പിഴയും നൽകി ശിക്ഷിക്കേണ്ടതാണ്.

(2) ഈ ആക്റ്റിനോ, അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾക്കോ വിരുദ്ധമായ ഒരു കുറ്റത്തിന് ഏതെങ്കിലും ആൾ ശിക്ഷിക്കപ്പെടുന്നിടത്ത് കുറ്റവിചാരണ നടത്തുന്ന കോടതിക്ക്, പിടിച്ചെടുത്തതോ, ശേഖരിച്ചതോ, വിളവെടുപ്പ് നടത്തിയതോ അല്ലെങ്കിൽ ഫിൽട്ടർ ചെയ്തതോ ആയ ഏതു മത്സ്യവും, പ്രസ്തുത കുറ്റം ചെയ്യുന്നതിന് ഉപയോഗിച്ചിരുന്ന ഏതെങ്കിലും ഉപകരണം, ഉറപ്പിച്ച യന്ത്രം, സ്വതന്ത്രവല, മത്സ്യബന്ധന ഉരു, വാഹനം, ആയുധം എന്നിവയും സംസ്ഥാന സർക്കാരിലേക്ക് കണ്ടുകെട്ടുന്നതിന് ഉത്തരവ് പുറപ്പെടുവിക്കാവുന്നതും അങ്ങനെയുള്ള ആളിന് ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം ലഭിച്ച ഏതെങ്കിലും ലൈസൻസോ പെർമിറ്റോ റദ്ദ് ചെയ്യാവുന്നതും ആണ്.

36. കുറ്റം ചെയ്തതായി അനുമാനം.—അടുത്ത സമയത്ത് പിടിച്ചതോ കൊന്നതോ ആയ ഏതെങ്കിലും മത്സ്യം അങ്ങനെയുള്ള മത്സ്യം പിടിക്കാനോ കൊല്ലാനോ സഹായകമായ ഏതെങ്കിലും മത്സ്യബന്ധന ഉപകരണങ്ങൾ സഹിതം ഏതെങ്കിലും ആളുടെ പക്കൽ കാണുന്നിടത്ത് അങ്ങനെയുള്ള ഉപകരണം ഉപയോഗിച്ചാണ് അയാൾ ആ മത്സ്യത്തെ പിടിക്കുകയോ കൊല്ലുകയോ ചെയ്തതെന്ന്, അങ്ങനെയല്ലെന്ന് തെളിയിക്കപ്പെടുന്നതുവരെ, അനുമാനിക്കേണ്ടതാണ്.

37. ശ്രമവും പ്രേരണയും.— ഈ ആക്റ്റിലോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും ചട്ടത്തിലേയോ പുറപ്പെടുവിച്ചിട്ടുള്ള ഏതെങ്കിലും വിജ്ഞാപനത്തിലേയോ വ്യവസ്ഥകൾ അനുസരിച്ച് ചുമതലപ്പെടുത്തപ്പെട്ട ഏതെങ്കിലും നിരോധനമോ നിയന്ത്രണമോ ക്രമീകരണമോ ലംഘിക്കാൻ ശ്രമിക്കുകയോ ലംഘനത്തിന് പ്രേരിപ്പിക്കുകയോ ചെയ്യുന്ന ഏതൊരാളും ഈ വ്യവസ്ഥകൾ ലംഘിച്ചതായി കരുതപ്പെടേണ്ടതാണ്.

38. കുറ്റങ്ങൾ രാജിയാക്കുന്നതിനുള്ള അധികാരം.—(1) സർക്കാരിന് ഗസറ്റ് വിജ്ഞാപനംമൂലം ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടറുടെ പദവിയിൽ താഴെ ഫിഷറീസ് വകുപ്പിലെ ഏതൊരുദ്യോഗസ്ഥനെയും,—

(എ) ഈ ആക്റ്റിൻകീഴിൽ കുറ്റം ചെയ്തതായി സംശയിക്കപ്പെടുന്ന ഏതെങ്കിലും ആളിൽനിന്നും കുറ്റം രാജിയാക്കുന്നതിലേക്ക് ഒരു തുക സ്വീകരിക്കുന്നതിനും ;

(ബി) പിടിച്ചെടുത്തതും കണ്ടുകെട്ടപ്പെടാവുന്നതുമായ ഏതെങ്കിലും വസ്തു അതിന്റെ വില വസൂലാക്കിക്കൊണ്ട് വിട്ടുകൊടുക്കുന്നതിനും അധികാരപ്പെടുത്താവുന്നതാണ്.

(2) കുറ്റം രാജിയാക്കുന്ന ഉദ്യോഗസ്ഥന്, യുക്തമെന്ന് തോന്നുന്ന പക്ഷം കുറ്റക്കാരന് ഈ ആക്റ്റ് പ്രകാരം നൽകിയ ഏതെങ്കിലും ലൈസൻസോ പെർമിറ്റോ റദ്ദാക്കുന്നതിന്, അയാൾക്ക് പറയാനുള്ളത് പറയുവാനൊരവസരം നൽകിയശേഷം, ഉത്തരവിടാവുന്നതാണ്.

(3) രാജിയാക്കുന്നതിനായി സ്വീകരിച്ചതോ സ്വീകരിക്കാൻ സമ്മതിച്ചതോ ആയ തുക യാതൊരു കാരണവശാലും പതിനായിരം രൂപയിൽ കവിയാൻ പാടില്ലാത്തതാകുന്നു.

39. കുറ്റങ്ങൾ വിചാരണയ്ക്കെടുക്കൽ.—അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ എഴുതി സമർപ്പിച്ച ഒരു പരാതിയിന്മേലല്ലാതെ ഈ ആക്റ്റിനോ അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങൾക്കോ വിരുദ്ധമായ ഏതെങ്കിലും കുറ്റം യാതൊരു കോടതിക്കും വിചാരണയ്ക്കെടുക്കാൻ പാടുള്ളതല്ല.

## അദ്ധ്യായം VII

## പലവക

40. സർക്കാരിനോ സ്വയംഭരണസ്ഥാപനത്തിനോ കിട്ടാനുള്ള തുക വസൂലാക്കൽ.— ഈ ആക്റ്റ് പ്രകാരമോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾ പ്രകാരമോ സർക്കാരിനോ തദ്ദേശസ്വയംഭരണസ്ഥാപനത്തിനോ കിട്ടുവാനുള്ള ഏതു തുകയും വസൂലാക്കുവാനുള്ള മറ്റേതെങ്കിലും രീതിക്ക് ഭംഗം വരാത്തവിധം ഭൂമിയിന്മേലുള്ള പൊതുനികുതി കുടിശ്ശിക എന്നപോലെ വസൂലാക്കാവുന്നതാണ്.

41. ഉത്തമവിശ്വാസപൂർവ്വം എടുത്ത നടപടിക്ക് സംരക്ഷണം.—(1) ഈ ആക്റ്റിലേയോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലേയോ ഏതെങ്കിലും വ്യവസ്ഥ അനുസരിച്ച് ഉത്തമവിശ്വാസപൂർവ്വം ചെയ്തതോ ചെയ്യാനുദ്ദേശിച്ചതോ ആയ യാതൊരു കാര്യത്തിനും സർക്കാരിനോ ഏതെങ്കിലും ഉദ്യോഗസ്ഥനോ അധികാരസ്ഥാപനത്തിനോ എതിരായി ഏതെങ്കിലും വ്യവഹാരമോ പ്രോസിക്യൂഷനോ മറ്റ് നിയമനടപടികളോ നിലനിൽക്കുന്നതല്ല.

(2) ഈ ആക്റ്റോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും ചട്ടങ്ങളോ അനുസരിച്ച് ഉത്തമവിശ്വാസപൂർവ്വം ചെയ്തതോ ചെയ്യാനുദ്ദേശിച്ചതോ ആയ പ്രവർത്തിമൂലം സംഭവിച്ചതോ സംഭവിക്കാനിടയുള്ളതോ ആയ ഏതെങ്കിലും നഷ്ടത്തിന്റെ പേരിൽ സർക്കാരിനോ ഏതെങ്കിലും ഉദ്യോഗസ്ഥനോ അധികാരസ്ഥാനത്തിനോ എതിരായി എന്തെങ്കിലും വ്യവഹാരമോ നിയമനടപടികളോ നിലനിൽക്കുന്നതല്ല.

42. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.—(1) സർക്കാരിന് ഗസറ്റ് വിജ്ഞാപനംമൂലം, ഈ ആക്റ്റിലെ എല്ലാമോ ഏതെങ്കിലുമോ ഉദ്ദേശ്യം നടപ്പിലാക്കുന്നതിനായി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) മേൽ ആക്റ്റ് പ്രകാരം ഉണ്ടാക്കിയ ഏതൊരു ചട്ടവും അത് ഉണ്ടാക്കിയ ശേഷം കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ അതിന്റെ മുമ്പാകെ ആകെ പതിനാല് ദിവസത്തേക്ക് - അത് ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ട് സമ്മേളനങ്ങളിലോപെടാം - വയ്ക്കേണ്ടതും അപ്രകാരം അത് വയ്ക്കുന്ന

സമ്മേളനമോ അതിന് തൊട്ടടുത്ത സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ്, നിയമസഭാ ചട്ടത്തിൽ ഏതെങ്കിലും രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന് അതിനുശേഷം അതത് സംഗതിപോലെ, അങ്ങനെ ഭേദഗതി ചെയ്ത രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ അഥവാ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതു എന്നിരുന്നാലും അങ്ങനെയുള്ള രൂപഭേദപ്പെടുത്തലോ ദുർബ്ബലപ്പെടുത്തലോ, ആ ചട്ടപ്രകാരം മുമ്പ് ചെയ്ത ഏതിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്തവിധത്തിൽ ആയിരിക്കേണ്ടതുമാണ്.

43. വൈഷമ്യങ്ങൾ നീക്കം ചെയ്യൽ.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രാബല്യം നൽകുന്നതിൽ എന്തെങ്കിലും വൈഷമ്യം ഉളവാകുന്നപക്ഷം, വൈഷമ്യം നീക്കുന്നതിന് യുക്തമെന്നോ ആവശ്യമെന്നോ സർക്കാരിന് തോന്നുന്നതും ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിപരീതമല്ലാത്ത വ്യവസ്ഥകൾ സർക്കാരിന് ഉത്തരവുമൂലം ഉണ്ടാക്കാവുന്നതാണ്.

എന്നാൽ ഈ ആക്റ്റിന്റെ പ്രാരംഭം മുതൽ രണ്ട് വർഷത്തിനുശേഷം ഈ വകുപ്പിൻകീഴിൽ യാതൊരുത്തരവും ഉണ്ടാക്കുവാൻ പാടുള്ളതല്ല.

(2) ഈ വകുപ്പിന്റെ കീഴിൽ ഉണ്ടാക്കുന്ന എല്ലാ ഉത്തരവുകളും അവ ഉണ്ടാക്കിയശേഷം കഴിയുന്നത്രവേഗം നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്.

44. റദ്ദാക്കലും ഒഴിവാക്കലും.—(1) 1956-ലെ സംസ്ഥാന പുനഃസംഘടനാ ആക്റ്റ് (1956-ലെ 37-ാം കേന്ദ്ര ആക്റ്റ്) 5-ാം വകുപ്പ് 2-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള മലബാർ ജില്ലയിൽ പ്രാബല്യത്തിലിരിക്കുന്ന 1897-ലെ ഇന്ത്യൻ ഫിഷറീസ് ആക്റ്റിന് (1897-ലെ 4-ാം കേന്ദ്ര ആക്റ്റ്) ആ പ്രദേശത്തുള്ള ബാധകതയില്ലാതാക്കുകയും 1950-ലെ തിരുവിതാംകൂർ-കൊച്ചി ഫിഷറി ആക്റ്റ് (1950-ലെ 34) ഇതിനാൽ റദ്ദാക്കുകയും ചെയ്യുന്നു.

(2) അപ്രകാരം ബാധകതയില്ലാതാക്കുകയോ റദ്ദാക്കുകയോ ചെയ്തിരുന്നാൽ തന്നെയും അങ്ങനെയുള്ള ആക്റ്റുകളുടെ കീഴിൽ നൽകപ്പെട്ട ഏതെങ്കിലും ലൈസൻസോ പുറപ്പെടുവിച്ച വിജ്ഞാപനമോ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളോ, അതത് സംഗതിപോലെ, ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാതിരിക്കുന്നിടത്തോളം ഈ ആക്റ്റിൻകീഴിൽ നൽകപ്പെട്ട ഏതെങ്കിലും ലൈസൻസോ പുറപ്പെടുവിച്ച വിജ്ഞാപനമോ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളോ കൊണ്ട് റദ്ദാക്കപ്പെടുന്നതുവരെ പ്രാബല്യത്തിലിരിക്കുന്നതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

ഉൾനാടൻ മത്സ്യബന്ധനമേഖലയെ സംബന്ധിച്ച്, ഇന്ത്യൻ ഫിഷറീസ് ആക്റ്റ്, 1897 (ആക്റ്റ് നം. 4 ഓഫ് 1897), ഇന്ത്യൻ ഫിഷറീസ് (മദ്രാസ് അമെന്റ്മെന്റ്) ആക്റ്റ്, 1827 (ആക്ട് നം. 11 ഓഫ് 1827), ട്രാവൻകൂർ കൊച്ചിൻ ഫിഷറീസ് ആക്റ്റ്, 1950 (34 ഓഫ് 1950) എന്നീ നിയമങ്ങളാണ് സംസ്ഥാനത്ത് പ്രാബല്യത്തിലുള്ളത്. സംസ്ഥാനത്തെ ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനും, മത്സ്യസമ്പത്തിന്റെ ശോഷണത്തിലേക്ക് നയിക്കുന്ന അമിത ചൂഷണം നിയന്ത്രിക്കുന്നതിനും

മത്സ്യവിത്തുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും മത്സ്യങ്ങളുടെ രോഗങ്ങൾ തടയുന്നതിനും അതുവഴി സംസ്ഥാനത്തിന്റെ മത്സ്യോത്പാദനം വർദ്ധിപ്പിക്കുന്നതിനും സംസ്ഥാനമൊട്ടാകെ ഒരു ഏകീകരണ നിയമം ഈ മേഖലയിൽ നടപ്പാക്കുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നു.

മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ബില്ലിലെ 25-ാം ഖണ്ഡം, സംസ്ഥാന സർക്കാരിന് ഏതെങ്കിലും ഒരു പ്രദേശം മത്സ്യത്തേയോ അതിന്റെ പരിസ്ഥിതിയേയോ സംരക്ഷിക്കുന്നതിനും വർദ്ധിപ്പിക്കുന്നതിനുമായി, ഫിഷറി സംബന്ധിച്ചുള്ളതോ ജന്തുശാസ്ത്രപരമോ പ്രകൃത്യായുള്ള പരിസ്ഥിതിപരമോ ആയ മതിയായ പ്രാധാന്യമുള്ളതെന്ന് കരുതുന്നപക്ഷം ഒരു മത്സ്യസങ്കേതമായി പ്രഖ്യാപിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നു. തീരദേശ ജില്ലകളിൽ പ്രതിവർഷം ഒരു മത്സ്യസങ്കേതമെന്ന കണക്കിൽ ഒൻപത് വർഷം കൊണ്ട് ഒൻപത് മത്സ്യസങ്കേതം തുടങ്ങുവാൻ ഉദ്ദേശിക്കുന്നു. ഇതിനായി ആവർത്തകവും അനാവർത്തകവുമായ സ്വഭാവത്തിലുള്ള പ്രതീക്ഷിക്കുന്ന ചെലവ് താഴെപ്പറയും പ്രകാരമാണ്; അതായത്:—

ആവർത്തകച്ചെലവ് - 27 ലക്ഷം രൂപ

അനാവർത്തകച്ചെലവ് - 225 ലക്ഷം രൂപ

ബില്ലിലെ 31-ാം ഖണ്ഡം, മത്സ്യവിത്തുകളുടെ രജിസ്ട്രേഷനും സാക്ഷ്യപ്പെടുത്തുന്നതിനുമായി ഏജൻസികളെ ചുമതലപ്പെടുത്തുന്നതിനും അങ്ങനെ ചുമതലപ്പെടുത്തിയ ഏജൻസികളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി ഒരു മത്സ്യവിത്തുകമ്മിറ്റി രൂപീകരിക്കുന്നതിനുമായി വ്യവസ്ഥ ചെയ്യുന്നു. പ്രസ്തുത കമ്മിറ്റിയിൽ ഒരു ചെയർപേഴ്സണടക്കം അഞ്ചിൽ കവിയാത്ത അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്. ഇവരുടെ ശമ്പളവും ബത്തയും നൽകുന്നതിനും കമ്മിറ്റിയുടെ പ്രവർത്തനത്തിനുമായി ആവർത്തക ചെലവായി 25 ലക്ഷവും അനാവർത്തക ചെലവായി 25 ലക്ഷം രൂപയും പ്രതീക്ഷിക്കുന്നു. നിലവിലുള്ള ആക്റ്റിൻ കീഴിലുള്ള സംവിധാനവും ജീവനക്കാരും ഇതിനുവേണ്ടി ഉപയോഗിക്കുന്നതിനാൽ ആയത് സംബന്ധിച്ച പ്രത്യേക ചെലവ് അധികമായി ഉണ്ടാകുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

1. ബില്ലിലെ 2-ാം ഖണ്ഡത്തിലെ (ഡി) ഉപഖണ്ഡത്തിൽ ഫിഷറീസ് വകുപ്പിലെ ഏതെങ്കിലും ഉദ്യോഗസ്ഥനെ ആക്റ്റിൻകീഴിലുള്ള വ്യവസ്ഥകളിൽ പരാമർശിച്ചിട്ടുള്ള സംഗതികളിൽ, "അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ" ആയി ഗസറ്റ് വിജ്ഞാപനം മുഖേന അധികാരപ്പെടുത്തുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

2. ബില്ലിലെ 4-ാം ഖണ്ഡത്തിലെ (1)-ാം ഉപഖണ്ഡത്തിൽ ഫിഷറി സംബന്ധിച്ച വികസനത്തിനോ ഫിഷറി മേഖലയുടെ പൊതുവായ താൽപ്പര്യങ്ങൾക്കോ

വേണ്ടി ഗസറ്റ് വിജ്ഞാപനംമൂലം ഏതെങ്കിലും പൊതു ജലാശയത്തേയോ അനുയോജ്യമായ മറ്റു പ്രദേശങ്ങളേയോ ഫിഷറി സംബന്ധിച്ച പ്രവർത്തനങ്ങൾക്ക് മാത്രമായുള്ള അക്വാകൾച്ചർ പ്രദേശമായി പ്രഖ്യാപിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു. പ്രസ്തുത ഖണ്ഡത്തിന്റെ (2)-ാം ഉപഖണ്ഡം അങ്ങനെയുള്ള പ്രദേശം (1)-ാം ഉപവകുപ്പിൽ പറഞ്ഞിരിക്കുന്നതല്ലാതെയുള്ള മറ്റേതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുന്നതിൽനിന്നും സംരക്ഷിക്കുന്നതിന് ആവശ്യമായ ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

3. ബില്ലിലെ 5-ാം ഖണ്ഡത്തിലെ (1)-ാം ഉപഖണ്ഡത്തിൽ അക്വാകൾച്ചർ പ്രദേശമായി പ്രഖ്യാപിച്ച പ്രദേശത്തെ ഏതെങ്കിലും തരം മത്സ്യം പിടിക്കുന്നതിന് ഒരു വർഷത്തേക്കോ അതിൽ കുറഞ്ഞ കാലത്തേക്കോ പരിമിതപ്പെടുത്തുകയോ നിയന്ത്രിക്കുകയോ നിരോധിക്കുകയോ ചെയ്യുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

4. ബില്ലിലെ 6-ാം ഖണ്ഡത്തിലെ (1)-ാം ഉപഖണ്ഡത്തിൽ ഖണ്ഡത്തിന്റെ ആവശ്യത്തിലേക്ക് ചട്ടങ്ങൾ ഉണ്ടാക്കുന്നതിനും ഗസറ്റ് വിജ്ഞാപനംമൂലം അങ്ങനെയുള്ള ഏതെങ്കിലുമോ എല്ലാമോ ചട്ടങ്ങൾ പ്രസ്തുത വിജ്ഞാപനത്തിൽ പറഞ്ഞിട്ടുള്ള ഉൾനാടൻ ജലാശയങ്ങൾക്ക് ബാധകമാക്കുന്നതിനും സർക്കാരിനെ അധികാരപ്പെടുത്തുന്നു.

5. ബില്ലിലെ 9-ാം ഖണ്ഡത്തിലെ (2)-ാം ഉപഖണ്ഡത്തിൽ മത്സ്യബന്ധന ഉരു, ഉറപ്പിച്ച യന്ത്രം, സ്വതന്ത്രവല, അക്വാകൾച്ചർ, ഫിൽട്രേഷൻ എന്നിവ രജിസ്റ്റർ ചെയ്യുന്നതിനുവേണ്ടി അപേക്ഷയും അതിനുള്ള ഫീസും വിവരങ്ങളും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

6. ബില്ലിലെ 9-ാം ഖണ്ഡത്തിലെ (6)-ാം ഉപഖണ്ഡം രജിസ്ട്രേഷനുള്ള ഫാറവും ആയതിനുള്ള വ്യവസ്ഥകളും നിബന്ധനകളും നിർണ്ണയിക്കാനുള്ള അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ സൂക്ഷിക്കേണ്ട രജിസ്റ്ററിന്റെ മാതൃകയും നിർണ്ണയിക്കാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു. ഖണ്ഡത്തിന്റെ (7)-ാം ഉപഖണ്ഡത്തിൽ രജിസ്റ്റർ ചെയ്തതിന്റെ തിരിച്ചറിയൽ അടയാളം നിർണ്ണയിക്കപ്പെടുന്നതിനും സർക്കാരിനെ അധികാരപ്പെടുത്തുന്നു.

7. ബില്ലിലെ 10-ാം ഖണ്ഡത്തിലെ (1)-ാം ഉപഖണ്ഡത്തിൽ രജിസ്റ്റർ സർട്ടിഫിക്കറ്റ് ഉള്ള ഏതൊരാളും നൽകേണ്ട റിട്ടേണുകൾ ഏതെന്ന് നിർണ്ണയിക്കാനും ആയത് അധികാരപ്പെട്ട ഉദ്യോഗസ്ഥന് നൽകുന്നതിനുള്ള സമയവും രീതിയും നിർണ്ണയിക്കുന്നതിനും സർക്കാരിനെ അധികാരപ്പെടുത്തുന്നു.

8. ബില്ലിലെ 11-ാം ഖണ്ഡത്തിലെ (1)-ാം ഉപഖണ്ഡത്തിൽ മത്സ്യബന്ധന ഉരുവോ, ഉറപ്പിച്ച യന്ത്രമോ, സ്വതന്ത്രവലയോ, അക്വാകൾച്ചർ പ്രദേശമോ, ഫിൽട്രേഷൻ പ്രദേശമോ കൈമാറ്റം ചെയ്യുമ്പോൾ അധികാരപ്പെട്ട ഉദ്യോഗസ്ഥന് റിപ്പോർട്ട് ചെയ്യേണ്ടുന്ന സമയം നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു. പ്രസ്തുത ഖണ്ഡത്തിലെ (2)-ാം ഉപഖണ്ഡത്തിൽ മത്സ്യബന്ധന ഉരുവോ, ഉറപ്പിച്ച യന്ത്രമോ, സ്വതന്ത്രവലയോ, അക്വാകൾച്ചർ പ്രദേശമോ, ഫിൽട്രേഷൻ പ്രദേശമോ കൈമാറ്റം വാങ്ങിയ ആൾ, അധികാരപ്പെട്ട ഉദ്യോഗസ്ഥന് റിപ്പോർട്ട് ചെയ്യുന്നതിനുള്ള സമയവും ഫീസും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

9. ബില്ലിലെ 14-ാം ഖണ്ഡത്തിലെ (2)-ാം ഉപഖണ്ഡത്തിൽ ലൈസൻസിനു വേണ്ടിയുള്ള അപേക്ഷയുടെ ഫാറവും ആയതിൽ ഉൾക്കൊള്ളേണ്ട വിവരങ്ങളും അതിനോടൊപ്പം നൽകേണ്ടുന്ന ഫീസും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാര പ്പെടുത്തുന്നു. പ്രസ്തുത ഖണ്ഡത്തിലെ (3)-ാം ഉപഖണ്ഡത്തിൽ ലൈസൻസ് നൽകുന്ന രീതിയും കാലയളവും ആയത് ഏതെല്ലാം നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേ യമായിട്ടാണ് നൽകാവുന്നത് എന്നും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടു ത്തുന്നു. കൂടാതെ മേൽഖണ്ഡത്തിലെ (6)-ാം ഉപഖണ്ഡം ഈ ആക്റ്റ് പ്രകാരം ലൈസൻസ് എടുക്കുന്നതിൽനിന്നും ശാസ്ത്രീയ ഗവേഷണത്തിന്റെയോ മറ്റേതെങ്കിലും കാരണത്താലോ താൽപര്യാർത്ഥമോ സർക്കാർ അംഗീകരിച്ചിട്ടുള്ള ഏതെങ്കിലും സ്ഥാപ നത്തെയോ വ്യക്തിയെയോ ഒഴിവാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു. കൂടാതെ ഈ അധികാരം വിനിയോഗിക്കുന്നതിന് മറ്റേതെങ്കിലും ഉദ്യോഗസ്ഥനെ അധി കാരപ്പെടുത്തുന്നതിനും സർക്കാരിനെ അധികാരപ്പെടുത്തുന്നു.

10. ബില്ലിലെ 15-ാം ഖണ്ഡത്തിലെ (1)-ാം ഉപഖണ്ഡത്തിൽ ലൈസൻസ് പുതുക്കു ന്നതിനുള്ള ഫീസ് നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

11. ബില്ലിലെ 15-ാം ഖണ്ഡത്തിലെ (1)-ാം ഉപഖണ്ഡം ലൈസൻസ് ഏതെല്ലാം വ്യവസ്ഥകൾക്ക് വിധേയമായിട്ടാണോ പുതുക്കേണ്ടത് അത്തരം ചട്ടങ്ങൾ ഉണ്ടാക്കാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു. പ്രസ്തുത ഖണ്ഡത്തിന്റെ (2)-ാം ഉപഖണ്ഡത്തിൽ കാലാവധി കഴിഞ്ഞ ലൈസൻസ് ഒരു മാസത്തിനകം പുതുക്കാത്ത ഏതൊരു ലൈസൻസും പുതുക്കി നൽകുന്നതിന് ഈടാക്കാവുന്ന അധിക ഫീസ് നിർണ്ണയിക്കുന്ന തിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

12. ബില്ലിലെ 20-ാം ഖണ്ഡത്തിൽ മത്സ്യബന്ധന ഉരുവിന്റെയും, ഉറപ്പിച്ച യന്ത്രത്തി ന്റെയും, സ്വതന്ത്രവലയുടെയും മറ്റേതെങ്കിലും ഉപകരണങ്ങളുടെയും എണ്ണവും വലി പ്പവും താൽക്കാലികമോ സ്ഥിരമോ ആയി പരിമിതപ്പെടുത്തുകയോ നിയന്ത്രിക്കുകയോ അല്ലെങ്കിൽ അവയെ നിരോധിക്കുകയോ ചെയ്യുന്നതിനുള്ള ഗസറ്റ് വിജ്ഞാപനം പുറ പ്പെടുവിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

13. ബില്ലിലെ 21-ാം ഖണ്ഡത്തിൽ നിലവിലുള്ള മത്സ്യസമ്പത്തിന് ഏതെങ്കിലും നാശനഷ്ടത്തിന് ഇടയാകുമെന്നോ നിലവിലുള്ള ഏതെങ്കിലും ഇനം മത്സ്യത്തിന് പകർച്ച വ്യാധിക്ക് കാരണമാകുമെന്നോ സംശയിക്കപ്പെടുന്ന ഏതെങ്കിലും അസാധാരണ ഇനങ്ങ ളിലുള്ള ജീവനുള്ള മത്സ്യങ്ങളുടെയോ മത്സ്യവിത്തുകളെയോ പ്രവേശനം നിയന്ത്രിക്കു കയോ നിരോധിക്കുകയോ ക്രമീകരിക്കുകയോ ചെയ്യുന്നതിനുള്ള ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

14. ബില്ലിന്റെ 24-ാം ഖണ്ഡം അപ്പലേറ്റ് അധികാരി പാസ്സാക്കിയിട്ടുള്ള ഉത്തരവി ന്മേൽ പരാതിയുള്ള ഒരാളും ഉത്തരവിന്റെ തീയതി മുതൽ മുപ്പത് ദിവസത്തിനകം സമർപ്പിച്ചിട്ടുള്ള അപേക്ഷയിന്മേലോ, സ്വമേധയാലോ, അപ്പീലിൽ പാസ്സാക്കപ്പെട്ട ഉത്ത രവിന്റെ രേഖകൾ ആവശ്യപ്പെടാനും അതിനെ സംബന്ധിച്ച് ഉചിതമെന്ന് തോന്നുന്ന ഉത്തരവ് പുറപ്പെടുവിക്കാനും സർക്കാരിനെ അധികാരപ്പെടുത്തുന്നു.

15. ബില്ലിലെ 25-ാം ഖണ്ഡത്തിൽ ഏതെങ്കിലും ഒരു പ്രദേശം മത്സ്യത്തേയോ, അതിന്റെ പരിസ്ഥിതിയെയോ സംരക്ഷിക്കുന്നതിനും വർദ്ധിപ്പിക്കുന്നതിനുമായി ഫിഷറി സംബന്ധിച്ചുള്ളതോ ജന്തുശാസ്ത്രപരമോ പ്രകൃത്യായുള്ള പരിസ്ഥിതിപരമോ ആയ മതിയായ പ്രാധാന്യമുള്ളതാണെന്ന് കരുതുന്നപക്ഷം ആ പ്രദേശത്തെ ഒരു മത്സ്യസങ്കേതമായി, ഗസറ്റ് വിജ്ഞാപനംമൂലം, പ്രഖ്യാപിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

16. ബില്ലിലെ 29-ാം ഖണ്ഡത്തിലെ (2)-ാം ഉപഖണ്ഡത്തിൽ ഒരു മത്സ്യസങ്കേതത്തിൽ പ്രവേശിക്കുന്നതിനോ താമസിക്കുന്നതിനോ ഉള്ള അനുമതി നൽകേണ്ടതിനുള്ള വ്യവസ്ഥകളും ഫീസും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

17. ബില്ലിലെ 31-ാം ഖണ്ഡത്തിലെ (1)-ാം ഉപഖണ്ഡത്തിൽ മത്സ്യവിത്തുകൾ രജിസ്റ്റർ ചെയ്യുന്നതിനും അതിന്റെ ഗുണനിലവാരം സാക്ഷ്യപ്പെടുത്തുന്നതിനുമായി ഏജൻസികളെ ചുമതലപ്പെടുത്തുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു. പ്രസ്തുത ഖണ്ഡത്തിലെ (2)-ാം ഉപഖണ്ഡത്തിൽ ആയതിന്റെ രീതി നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു. പ്രസ്തുത ഖണ്ഡത്തിലെ (3)-ാം ഉപഖണ്ഡത്തിൽ (1)-ഉം (2)-ഉം ഉപഖണ്ഡത്തിൽ വ്യവസ്ഥചെയ്തിട്ടുള്ള സംഗതികളിൽ സർക്കാരിനെ ഉപദേശിക്കുന്നതിന് 'മത്സ്യവിത്തുകമ്മിറ്റി' ഗസറ്റ് വിജ്ഞാപനംമൂലം രൂപീകരിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു. മേൽപ്പറഞ്ഞ മത്സ്യവിത്തുകമ്മിറ്റിയുടെ ഘടന, സേവന-വേതന വ്യവസ്ഥകൾ, കാലാവധി, കർത്തവ്യങ്ങൾ, ചുമതലകൾ എന്നിവ നിർണ്ണയിക്കുന്നതിന് മേൽഖണ്ഡത്തിന്റെ (4)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു. കൂടാതെ മേൽപ്പറഞ്ഞ ഖണ്ഡത്തിന്റെ (5)-ാം ഉപഖണ്ഡത്തിൽ മത്സ്യവിത്തുകമ്മിറ്റിയുടെ ശിപാർശയിന്മേൽ ഏതൊരിനത്തിലേയോ തരത്തിലേയോ അക്വാകൾച്ചർ വിത്തിന്റെ ഗുണനിലവാരം നിയന്ത്രിക്കുന്നത് ആവശ്യമാണ് എന്ന് കരുതുന്നപക്ഷം അങ്ങനെയുള്ള ഇനത്തെയോ തരത്തെയോ ഈ ആക്റ്റിന്റെ ആവശ്യത്തിലേക്കായി വിജ്ഞാപനം ചെയ്യപ്പെട്ട ഇനമോ തരമോ ആയി പ്രഖ്യാപിക്കുന്നതിനും ; വിവിധ ജില്ലകൾക്കോ അതിന്റെ വിവിധ പ്രദേശങ്ങൾക്കോ ആയി വിവിധ ഇനത്തിനേയും തരത്തിനേയും വിജ്ഞാപനം ചെയ്യുന്നതിനും സർക്കാരിനെ അധികാരപ്പെടുത്തുന്നു. ഖണ്ഡത്തിലെ (6)-ാം ഉപഖണ്ഡത്തിൽ വിജ്ഞാപനം ചെയ്യപ്പെട്ട അക്വാകൾച്ചർ വിത്തിന്റെ ഏറ്റവും കുറഞ്ഞ വലിപ്പം, ഭാരം, ശുദ്ധി എന്നിവയും അങ്ങനെയുള്ള അക്വാകൾച്ചർ വിത്തുകൾക്കുണ്ടെന്ന് സൂചിപ്പിക്കുന്ന അടയാളത്തിലോ ലേബലിലോ ഉൾപ്പെട്ടിരിക്കേണ്ട വിവരങ്ങൾ വിനിർദ്ദേശിക്കുന്നതിനും, (8)-ാം ഉപഖണ്ഡം അക്വാകൾച്ചർ വിത്ത് പരിശോധിക്കാൻ അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥരുടെ യോഗ്യതയും അവർ അധികാരം വിനിയോഗിക്കേണ്ടുന്ന തദ്ദേശാധികാരപരിധിയും നിർണ്ണയിക്കുന്നതിനും സർക്കാരിനെ അധികാരപ്പെടുത്തുന്നു.

18. ബില്ലിലെ 34-ാം ഖണ്ഡത്തിലെ (5)-ാം ഉപഖണ്ഡത്തിൽ ആക്റ്റിലെ വ്യവസ്ഥകൾ അനുസരിച്ച് പിടിച്ചെടുത്ത മത്സ്യമോ കക്കയോ ഇറച്ചിയോ വിൽക്കുന്നതുവഴി ലഭിക്കുന്ന വരുമാനം കൈകാര്യം ചെയ്യേണ്ടവിധം നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

19. ബില്ലിലെ 38-ാം ഖണ്ഡത്തിലെ (1)-ാം ഉപഖണ്ഡത്തിൽ, ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടറുടെ പദവിയിൽ താഴെയുള്ള, ഫിഷറീസ് വകുപ്പിലെ

ഏതൊരുദ്യോഗസ്ഥനേയും കുറ്റങ്ങൾ രാജിയാക്കുന്നതിന് അധികാരപ്പെടുത്താൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

20. ബില്ലിലെ 42-ാം ഖണ്ഡത്തിലെ (1)-ാം ഉപഖണ്ഡത്തിൽ ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

21. ബില്ലിലെ 43-ാം ഖണ്ഡത്തിലെ (1)-ാം ഉപഖണ്ഡം, ആക്റ്റിന്റെ വ്യവസ്ഥകൾക്ക് പ്രാബല്യം നൽകുന്നതിൽ ഉളവാകുന്ന വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിന് യുക്തമായ ഉത്തരവുകൾ ആക്റ്റ് നിലവിൽവന്ന് രണ്ടുവർഷക്കാലയളവിനുള്ളിൽ ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

22. ഏതെല്ലാം കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതും വിജ്ഞാപനം പുറപ്പെടുവിക്കാവുന്നതും അല്ലെങ്കിൽ ഉത്തരവുകൾ നൽകാവുന്നതും അവ നടപടിക്രമം സംബന്ധിച്ച കാര്യങ്ങളും അല്ലെങ്കിൽ സാധാരണവും അല്ലെങ്കിൽ ഭരണപരവുമായ സ്വഭാവത്തോടുകൂടിയതാകുന്നു. കൂടാതെ ചട്ടങ്ങൾ നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. അതിനാൽ ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം ഒരു സാധാരണസ്വഭാവത്തോടുകൂടിയതാണ്.

എസ്. ശർമ്മ

## ഖണ്ഡങ്ങളിൻമേലുള്ള കുറിപ്പുകൾ

2-ാം ഖണ്ഡം.—ഈ ബില്ലിൽ ഉപയോഗിച്ചിട്ടുള്ള ചില വാക്കുകളും പദ പ്രയോഗങ്ങളും നിർവ്വചിക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

3-ാം ഖണ്ഡം.—പൊതു ജലാശയത്തിലുള്ള ഫിഷറി സംബന്ധിച്ച പ്രവർത്തന ത്തിന്റെയോ അനുബന്ധ പ്രവർത്തനത്തിന്റെയോ വികസനവും മാനേജ്മെന്റും സർക്കാ രിൽ നിക്ഷിപ്തമാക്കുന്നതിനും ഫിഷറി സംബന്ധിച്ച കാര്യങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ സാങ്കേതിക ഉപദേശം നൽകേണ്ട ചുമതല സർക്കാർ നിയോഗിക്കുന്ന ഫിഷറീസ് വകുപ്പിലെ ഉദ്യോഗസ്ഥന്മാരിൽ നിക്ഷിപ്തമാക്കുന്നതിനും സർക്കാരിന്റെ രേഖാമൂലമുള്ള അനുവാദം കൂടാതെ പൊതുജലാശയം നികത്തുകയോ മാറ്റുകയോ രൂപഭേദപ്പെടുത്തുകയോ ചെയ്യാൻ പാടുള്ളതല്ല എന്ന് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

4-ാം ഖണ്ഡം.—ഫിഷറി സംബന്ധിച്ച വികസനത്തിനോ ഫിഷറിമേഖലയുടെ പൊതുവായ താൽപ്പര്യങ്ങൾക്കോ വേണ്ടി ഗസറ്റ് വിജ്ഞാപനംമൂലം ഏതെങ്കിലും പൊതുജലാശയത്തേയോ അനുയോജ്യമായ മറ്റ് പ്രദേശങ്ങളെയോ ഫിഷറി സംബന്ധിച്ച പ്രവർത്തനങ്ങൾക്ക് മാത്രമായുള്ള അക്വാകൾച്ചർ പ്രദേശമായി പ്രഖ്യാപിക്കുന്നതിനും ആ പ്രദേശത്തെ ഫിഷറി സംബന്ധിച്ച പ്രവർത്തനങ്ങളുടെ ഉപയോഗപ്പെടുത്തലിനും പരിമിതപ്പെടുത്തലിനും ക്രമീകരിക്കലിനും നിയന്ത്രണത്തിനും വേണ്ടി ചട്ടങ്ങൾ ഉണ്ടാക്കാൻ അധികാരപ്പെടുത്തുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

5-ാം ഖണ്ഡം.—ഗസറ്റ് വിജ്ഞാപനംവഴി വിജ്ഞാപനം ചെയ്തിട്ടുള്ള ഏതെങ്കിലും പ്രദേശത്ത് മത്സ്യബന്ധന നിയന്ത്രണം ഏർപ്പെടുത്തുവാൻ സർക്കാരിന് അധികാരം നൽകുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

6-ാം ഖണ്ഡം.—സർക്കാരിന് ചട്ടങ്ങൾ ഉണ്ടാക്കുന്നതിനും ഗസറ്റ് വിജ്ഞാ പനംമൂലം പ്രസ്തുത ചട്ടങ്ങൾ ഭാഗികമായോ മുഴുവനായോ ഏതെങ്കിലും ഉൾനാടൻ ജലാശയങ്ങൾക്ക് ബാധകമാക്കുന്നതിന് ലൈസൻസില്ലാതെ മത്സ്യബന്ധനം നടത്തുകയോ മത്സ്യബന്ധന ഉരു ഉപയോഗിക്കുകയോ ചെയ്യുന്നത് നിരോധിക്കുന്നതിന് സർക്കാരിന് അധികാരം നൽകുന്നതിനും ചട്ടങ്ങൾ കൊണ്ട് സ്ഥിരമായോ താൽക്കാലികമായോ നിയ ന്ത്രിക്കുകയോ നിരോധിക്കുകയോ ചെയ്യാവുന്ന സംഗതികളും വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

7-ാം ഖണ്ഡം.—സ്ഫോടകവസ്തുക്കളോ നഞ്ചോ വൈദ്യുതിയോ ഉപയോഗിച്ച് മത്സ്യ സമ്പത്ത് നശിപ്പിക്കുന്നത് നിരോധിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

8-ാം ഖണ്ഡം.—മത്സ്യബന്ധന ഉരുവോ സ്വതന്ത്രവലയോ ഉറപ്പിച്ച യന്ത്രമോ രജിസ്ട്രേഷൻ കൂടാതെ ഉപയോഗിക്കാൻ പാടില്ല എന്ന് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ ഖണ്ഡം.

9-ാം ഖണ്ഡം.—മത്സ്യബന്ധന ഉരു, സ്വതന്ത്രവല, ഉറപ്പിച്ച യന്ത്രം, അക്വാകൾച്ചർ, ഫിൽട്രേഷൻ എന്നിവ രജിസ്റ്റർ ചെയ്യുന്നവിധം വ്യവസ്ഥ ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

10-ാം ഖണ്ഡം.—രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുള്ള ആൾ റിട്ടേണുകൾ നൽകാനുള്ള ബാദ്ധ്യതയും അത് ഏത് സമയത്തും ഏത് രീതിയിലും നൽകണമെന്ന് നിർണ്ണയിക്കുന്നതിനുള്ള അധികാരവും റിട്ടേണുകൾ പരിശോധിക്കുന്നതിലേക്ക് അധികാരപ്പെട്ട ഉദ്യോഗസ്ഥൻ അതുമായി ബന്ധപ്പെട്ട വസ്തുക്കളും രേഖകളും പരിശോധിക്കുന്നതിനുള്ള അധികാരവും വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

11-ാം ഖണ്ഡം.—മത്സ്യബന്ധന ഉരുവോ സ്വതന്ത്രവലയോ ഉറപ്പിച്ച യന്ത്രമോ അക്വാകൾച്ചർ പ്രദേശമോ ഫിൽട്രേഷൻ പ്രദേശമോ കൈമാറ്റം ചെയ്യുമ്പോൾ പാലിക്കേണ്ട നിബന്ധനകൾ വ്യവസ്ഥ ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

12-ാം ഖണ്ഡം.—അധികാരപ്പെട്ട ഉദ്യോഗസ്ഥന് മതിയായ കാരണമുണ്ടെങ്കിൽ രജിസ്ട്രേഷൻ സസ്പെൻഡ് ചെയ്യാനോ റദ്ദാക്കാനോ ഉള്ള അധികാരം വ്യവസ്ഥ ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

13-ാം ഖണ്ഡം.—രജിസ്ട്രേഷൻ നിരസിക്കുകയോ സസ്പെൻഡ് ചെയ്യുകയോ റദ്ദാക്കുകയോ ചെയ്ത ഉത്തരവുകൾക്കെതിരെ അപ്പലേറ്റ് അധികാരിക്ക് അപ്പീൽ നൽകുന്നതിന് വ്യവസ്ഥ ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

14-ാം ഖണ്ഡം.—ലൈസൻസ് നൽകുന്നത് സംബന്ധിച്ച് വ്യവസ്ഥ ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

15-ാം ഖണ്ഡം.—ലൈസൻസ് പുതുക്കുന്നത് സംബന്ധിച്ച് വ്യവസ്ഥ ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

16-ാം ഖണ്ഡം.—അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ആവശ്യപ്പെടുമ്പോൾ ലൈസൻസുകാരൻ ലൈസൻസ് ഹാജരാക്കാനുള്ള ബാദ്ധ്യത വ്യവസ്ഥ ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

17-ാം ഖണ്ഡം.—ലൈസൻസ് റദ്ദാക്കുന്നതിനും സസ്പെൻഡ് ചെയ്യുന്നതിനും അതിനുള്ള കാരണങ്ങൾ വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

18-ാം ഖണ്ഡം.—ഈ ആക്റ്റ് പ്രാബല്യത്തിൽ വരുന്നതിനുമുമ്പ് മറ്റ് ഏജൻസികളാൽ നൽകപ്പെട്ട ലൈസൻസ് നിലവിലില്ലാതായിത്തീരുമെന്ന് വ്യവസ്ഥ ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

19-ാം ഖണ്ഡം.—ഈ ആക്റ്റുപ്രകാരം ഒരു ലൈസൻസുകാരന്റെ മേൽ ഒരു കുറ്റം സ്ഥാപിക്കപ്പെടുമ്പോൾ കുറ്റസ്ഥാപനം നടത്തിയ കോടതിവിധിന്യായത്തിന്റെ പകർപ്പ് അധികാരപ്പെട്ട ഉദ്യോഗസ്ഥന് യുക്തമെന്ന് തോന്നുന്ന നടപടിക്ക് അയച്ചുകൊടുക്കണമെന്ന് വ്യവസ്ഥ ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

20-ാം ഖണ്ഡം.—പൊതുജലാശയത്തിൽ മത്സ്യബന്ധന ഉപകരണങ്ങളുടെ എണ്ണം ഗസറ്റ് വിജ്ഞാപനംമൂലം സർക്കാരിന് പരിമിതപ്പെടുത്തുന്നതിനോ നിയന്ത്രിക്കുന്നതിനനോ ഉള്ള അധികാരം വ്യവസ്ഥ ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

21-ാം ഖണ്ഡം.—സർക്കാരിന്, ഗസറ്റ് വിജ്ഞാപനംവഴി അസാധാരണ ഇനങ്ങളിലുള്ള മത്സ്യങ്ങളെ പ്രവേശിപ്പിക്കുന്നത് നിയന്ത്രിക്കുന്നതിന്, അധികാരം നൽകുന്നത് വ്യവസ്ഥ ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

22-ാം ഖണ്ഡം.—ലൈസൻസ് നിരസിച്ചുകൊണ്ടോ സസ്പെൻഡ് ചെയ്തുകൊണ്ടോ റദ്ദാക്കിക്കൊണ്ടോ ഉള്ള ഉത്തരവുകൾക്കെതിരെ അപ്പീൽ നൽകുന്നത് വ്യവസ്ഥ ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

23-ാം ഖണ്ഡം.—ഈ ആക്റ്റുപ്രകാരം നടത്തുന്ന അന്വേഷണത്തെ സംബന്ധിച്ച് അപ്പലേറ്റ് അധികാരിക്കുള്ള അധികാരങ്ങൾ വ്യവസ്ഥ ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

24-ാം ഖണ്ഡം.—സർക്കാരിന് അപ്പീലിന്മേൽ റിവിഷൻ നടത്താനുള്ള അധികാരം വ്യവസ്ഥ ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

25-ാം ഖണ്ഡം.—സർക്കാരിന് ഗസറ്റ് വിജ്ഞാപനംമൂലം ഒരു പ്രദേശത്തെ ഒരു മത്സ്യസങ്കേതമായി പ്രഖ്യാപിക്കാവുന്നതിനുള്ള അധികാരം വ്യവസ്ഥ ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

26-ാം ഖണ്ഡം.—മത്സ്യസങ്കേതമായി പ്രഖ്യാപിക്കുന്നതിനായി അന്വേഷണ ആവശ്യത്തിന് അധികാരപ്പെട്ട ഉദ്യോഗസ്ഥനുള്ള അധികാരങ്ങൾ വ്യവസ്ഥ ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

27-ാം ഖണ്ഡം.—മത്സ്യസങ്കേതത്തിൽ പ്രവേശിക്കുന്നതിനുള്ള നിയന്ത്രണം വ്യവസ്ഥ ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

28-ാം ഖണ്ഡം.—മത്സ്യസങ്കേതത്തിൽ ഹാനികരമായ പദാർത്ഥങ്ങൾ ഉപയോഗിക്കുന്നത് നിരോധിക്കുന്നത് വ്യവസ്ഥ ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

29-ാം ഖണ്ഡം.—മത്സ്യസങ്കേതത്തിൽ പ്രവേശിക്കുന്നതിന് പെർമിറ്റ് നൽകുന്നത് സംബന്ധിച്ച് വ്യവസ്ഥ ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

30-ാം ഖണ്ഡം.—മത്സ്യസങ്കേതത്തിന്റെ മാനേജ്മെന്റും പരിപാലനവും വ്യവസ്ഥ ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

31-ാം ഖണ്ഡം.—മത്സ്യവിത്തുകളുടെ രജിസ്ട്രേഷനും അതിന്റെ ഗുണനിലവാരം സാക്ഷ്യപ്പെടുത്തുന്നതിനുമായി വ്യവസ്ഥ ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

32-ാം ഖണ്ഡം.—അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ അധികാരങ്ങൾ വ്യവസ്ഥ ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

33-ാം ഖണ്ഡം.—ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി പിടിച്ചതോ ശേഖരിച്ചതോ വിളവെടുപ്പ് നടത്തിയതോ കൃഷി ചെയ്തതോ ആയ ഏതൊരു മത്സ്യവും സർക്കാരിന്റെ സ്വത്തായി കരുതപ്പെടും എന്ന് വ്യവസ്ഥ ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

34-ാം ഖണ്ഡം.—ഈ ആക്റ്റിന് വിരുദ്ധമായി ഏതെങ്കിലും ഒരാൾ ഒരു കുറ്റം ചെയ്തതായി വിശ്വസിക്കാൻ മതിയായ കാരണമുള്ളപക്ഷം ഫിഷറീസ് ഡയറക്ടറോ അധികാരപ്പെട്ട ഉദ്യോഗസ്ഥനോ കുറ്റം ചെയ്ത ആളുടെ കൈവശമുള്ള മത്സ്യമോ കുറ്റകൃത്യം ചെയ്യുവാൻ ഉപയോഗിച്ച മത്സ്യബന്ധന ഉരുവോ സ്വതന്ത്രവലയോ മറ്റേതെങ്കിലും യന്ത്രമോ വാഹനമോ ആയുധമോ പിടിച്ചെടുക്കുന്നതിനും വാറണ്ട് കൂടാതെ അറസ്റ്റ് ചെയ്യുന്നതിനും വ്യവസ്ഥ ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

35-ാം ഖണ്ഡം.—ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ചെയ്യുന്ന കുറ്റങ്ങൾക്ക് ശിക്ഷനൽകുന്നതിനായി വ്യവസ്ഥ ചെയ്യുന്നതിന് ഈ ഖണ്ഡംകൊണ്ട് ഉദ്ദേശിക്കുന്നു.

36-ാം ഖണ്ഡം.—ഏതെങ്കിലും ആളുടെ പക്കൽ അടുത്തസമയത്ത് പിടിച്ചതോ കൊന്നതോ ആയ ഏതെങ്കിലും മത്സ്യവും അത് പിടിക്കാൻ ഉപയോഗിച്ച മത്സ്യബന്ധന ഉപകരണങ്ങൾ സഹിതം കാണുന്നിടത്ത് അങ്ങനെയുള്ള ഉപകരണം ഉപയോഗിച്ചാണ് ആ മത്സ്യത്തെ പിടിക്കുകയോ കൊല്ലുകയോ ചെയ്തതെന്ന് അനുമാനിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിന് ഈ ഖണ്ഡംകൊണ്ട് ഉദ്ദേശിക്കുന്നു.

37-ാം ഖണ്ഡം.—ഈ ആക്റ്റിലെ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിക്കാൻ ശ്രമിക്കുകയോ ലംഘനത്തിന് പ്രേരിപ്പിക്കുകയോ ചെയ്യുന്നത് വ്യവസ്ഥകൾ ലംഘിച്ചതായി കരുതപ്പെടുന്നതിന് വ്യവസ്ഥ ചെയ്യുന്നതിന് ഈ ഖണ്ഡംകൊണ്ട് ഉദ്ദേശിക്കുന്നു.

38-ാം ഖണ്ഡം.—കുറ്റങ്ങൾ രാജിയാക്കുന്നതിന് ഗസറ്റ് വിജ്ഞാപനംവഴി ഉദ്യോഗസ്ഥരെ അധികാരപ്പെടുത്തുന്നതിനും തുക ഈടാക്കുന്നതിനും വ്യവസ്ഥ ചെയ്യുന്നതിന് ഈ ഖണ്ഡംകൊണ്ട് ഉദ്ദേശിക്കുന്നു.

39-ാം ഖണ്ഡം.—അധികാരപ്പെട്ട ഉദ്യോഗസ്ഥൻ എഴുതി സമർപ്പിച്ച ഒരു പരാതിയിന്മേലല്ലാതെ ഏതെങ്കിലും കുറ്റം യാതൊരു കോടതിയും വിചാരണയ്ക്കെടുക്കാൻ പാടുള്ളതല്ല എന്ന് വ്യവസ്ഥ ചെയ്യുന്നതിന് ഈ ഖണ്ഡംകൊണ്ട് ഉദ്ദേശിക്കുന്നു.

40-ാം ഖണ്ഡം.—സർക്കാരിനോ സ്വയംഭരണസ്ഥാപനത്തിനോ കിട്ടാനുള്ള തുക വസൂലാക്കുന്നതിന് ഭൂമിയിന്മേലുള്ള പൊതുനികുതി കുടിശ്ശിക എന്നപോലെ വസൂലാക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിന് ഈ ഖണ്ഡംകൊണ്ട് ഉദ്ദേശിക്കുന്നു.

41-ാം ഖണ്ഡം.—ഉത്തമവിശ്വാസപൂർവ്വം സർക്കാരോ, ഏതെങ്കിലും ഉദ്യോഗസ്ഥരോ അധികാരസ്ഥാനമോ എടുത്ത നടപടിക്ക് സംരക്ഷണം നൽകുന്നതിന് വ്യവസ്ഥ ചെയ്യുന്നതിന് ഈ ഖണ്ഡംകൊണ്ട് ഉദ്ദേശിക്കുന്നു.

42-ാം ഖണ്ഡം.—ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിലേക്കായി ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിന് അധികാരം നൽകുന്നതിന് വ്യവസ്ഥ ചെയ്യുന്നതിന് ഈ ഖണ്ഡംകൊണ്ട് ഉദ്ദേശിക്കുന്നു.

43-ാം ഖണ്ഡം.—ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിന് ഉണ്ടാകുന്ന വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിന് ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിനും അപ്രകാരമുള്ള ഉത്തരവുകൾ നിയമസഭ മുമ്പാകെ വയ്ക്കുന്നതിനും സർക്കാരിന് അധികാരം നൽകുന്നതിന് ഈ ഖണ്ഡംകൊണ്ട് ഉദ്ദേശിക്കുന്നു.

44-ാം ഖണ്ഡം.—ചില ആക്റ്റുകളുടെ പ്രാബല്യം ഇല്ലാതായിത്തീരലിനും റദ്ദാക്കലിനും ആയതിന്റെ പരിണിത ഫലങ്ങൾക്കുവേണ്ടി വ്യവസ്ഥ ചെയ്യുന്നതിന് ഈ ഖണ്ഡംകൊണ്ട് ഉദ്ദേശിക്കുന്നു.

---